# 1 പത്രൊസ്
## മുഖവുര

ലേഖകൻ താൻ ജീവിക്കുന്ന കാലത്തെ വെളിപ്പെടുത്തേണ്ടത് ആവശ്യമാണ്. അദ്ദേഹം കാലപരിധിയില്ലാത്ത സത്യങ്ങളെ വെളിപ്പെടുത്തുകയാണെങ്കിലും, അത് ആനുകാലിക ലോകത്തിന്റെ വെളിച്ചത്തിലായിരിക്കും നൽകുന്നത്. ഒരു എഴുത്തുകാരൻ എഴുതുന്നതെല്ലാം ഒരു പരിധിവരെ തന്റെ ലോകത്തെ പ്രതിഫലിപ്പിക്കും, എന്നാൽ എഴുതുന്ന രേഖ ഒരു ലേഖനം ആണെങ്കിൽ, പ്രതീക്ഷ വർദ്ധിപ്പിക്കയും, അയാളും അയാളുടെ പ്രാരംഭ വായനക്കാരും ജീവിക്കുന്ന ലോകത്തെ തന്റെ വാക്കുകളാൽ പ്രകടമാക്കുകയും ചെയ്യും. ഒരു ലേഖനത്തിൽ, സാധാരണ ലേഖകനേയും സംബോധന ചെയ്തിരിക്കുന്ന ഒരു സദസിനേയും പൊതുവായി പങ്കിടുന്ന അനുഭവങ്ങളെയും കാണാം, അത് ഒരേ സ്ഥലങ്ങളേയും ആളുകളേയും അറിയുവാനാണ്. അക്കാരണത്താൽ, ആദ്യ വായനക്കാർക്ക് ലേഖകന്റെ ലോകത്തെയും അനുഭവത്തെയും അറിയേണ്ടആവശ്യമില്ല. എങ്ങനെയായാലും, തുടർന്നു വരുന്ന സദസ്യർക്ക്-അതായത് രണ്ടാമത്തെ വായനക്കാർക്ക് ലേഖകനേയും ആദ്യ വായനക്കാരെയും അറിയുന്നില്ല-അങ്ങനെ എപ്പോഴും ആകണമെന്നില്ല.

ഒരു ലേഖനം രണ്ടാം തലമുറയിലെ വായനക്കാരിലെത്തുമ്പോൾ അതിൽ പറഞ്ഞ സമയവും, സ്ഥലവും, സാഹചര്യവും കടന്നു പോയിരിക്കും, അപ്പോൾ ലേഖകനും ആദ്യ വായനക്കാരും പങ്കിട്ട ലോകത്തെ കുറിച്ച് അറിയുവാൻ ബോധപൂർവ്വമായ ശ്രമം ആവശ്യമാണ്. അത് ഏതു തരത്തിലുള്ള പുരാതനമായാലും ആധുനികമായാലും, ദൈവശ്വാസിയമായാലും അല്ലെങ്കിലും അത് വാസ്തവമാണ്. ആധുനിക വായനക്കാർ 1 പത്രൊസിന്റെ ലേഖനം വായിക്കുമ്പോൾ, നൂറ്റാണ്ടുകൾ പിന്നിടുകയും നിലവിലുണ്ടായിരുന്ന ആചാരങ്ങൾ മാറുകയും പെയ്തിരിക്കുകയാണ്. ഒരു ലേഖനത്തിന്റെ ലേഖകനെ നാം അറിയുമ്പോൾ, അതായത് അയാൾ ജീവിച്ച സാഹചര്യങ്ങളും ആ രേഖ എഴുതുവാൻ അയാളെ പ്രേരിപ്പിച്ചതും നമുക്ക് മനസിലാക്കുവാൻ കഴിയും.

1 പത്രൊസിന്റെ ലേഖനത്തെ കുറിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളും നമുക്ക് ചോദിക്കുവാൻ കഴിയും: തന്റെ വാക്കുകൾ ആദ്യവായനക്കാർ വായിക്കുമ്പോൾ, അവരിൽനിന്നു ലേഖകൻ പ്രതീക്ഷിക്കുന്നത് എന്നും ആദ്യ വായനക്കാരുമായി ലേഖകനുള്ള ബന്ധം എന്താണ്? ആ സമയത്ത് അത്തരം ആളുകൾക്ക് ലേഖനം എഴുതുവാനുള്ള കാരണം എന്തായിരുന്നു? ലേഖകന്റേയും ആദ്യ വായനക്കാരുടേയും മതപരമായ വിശ്വാസവും സംസ്ക്കാരവും എന്തായിരുന്നു? ആളുകളുടെ സാമൂഹ്യനിലവാരവും ആചാരമര്യാദയും എന്തായിരുന്നു? ലേഖകനും വായനക്കാരും ഉപയോഗിച്ചിരുന്ന ഭാഷ എന്തായിരുന്നു? അന്നത്തെ ലോകത്തെ ആളുകളുടെ ഉപജീവനമാർഗം എന്തായിരുന്നു? ഏതു തരം ഗവൺമെന്റിനു കീഴിലായിരുന്നു അവർ ജീവിച്ചിരുന്നത്? അവർ പങ്കിട്ടിരുന്ന സാമൂഹ്യ സ്ഥാപനങ്ങൾ ഏതെല്ലാമായിരുന്നു? ഒരേ കരുതലുള്ള വിവിധ ചോദ്യങ്ങളാണ് അവയെല്ലാം.

സമയംകൊണ്ടും സ്ഥലം കൊണ്ടും വിദൂരമായിരിക്കുന്ന ഒരു രേഖ നമുക്ക് ലഭിക്കുമ്പോൾ, ഇത്തരം വിവരങ്ങൾ അന്വേഷിക്കേണ്ടത് അനിവാ

ര്യമാണ്. അതിന്റെ വ്യക്തിപരമായ സ്വഭാവം നിമിത്തം, രേഖ ഒരു ലേഖനമാകുമ്പോൾ, അത്തരം അന്വേഷണം സങ്കീർണ്ണമായേക്കാം. എന്നാൽ 1 പത്രൊസിന്റെ ലേഖനം കൂടുതലും ഔപചാരികമാണ്, നാം സാധാരണ ഒരു എഴുത്തിൽനിന്ന് പ്രതീക്ഷിക്കുന്നതിനപ്പുറം ശ്രദ്ധയോടെ തയ്യാറാക്കിയിരിക്കുന്ന ഒന്നാണ്, എന്നിരുന്നാലും അത് ഒരു ലേഖനമാണ്. 1 പത്രൊസിന്റെ ലേഖകൻ ആർക്ക് എഴുതിയിരിക്കുന്നുവോ, അവരുടെ ലോകത്തിൽ നാം ആയിരുന്നാൽ-അവർക്ക് മനസിലാക്കുവാൻ ലേഖകൻ ഉദ്ദേശിച്ചത് ഒരു പരിധിവരെ നമുക്കും മനസിലാക്കുവാൻ കഴിയും. അവർ മനസിലാക്കുവാൻ പ്രതീക്ഷിച്ചിരുന്നത് നാം മനസിലാക്കുമ്പോൾ, ലേഖനം ഇന്നത്തെ ക്രിസ്ത്യാനികളെ ഉദ്ദേശിച്ചിരിക്കുന്നത് വിലയിരുത്തുന്നതിന്റെ പ്രാധാന്യത്തിലെത്തുവാൻ നമുക്ക് കഴിയും.

### ഒരു ലേഖനം

ചിലർ മറിച്ച് അഭിപ്രായപ്പെട്ടിട്ടുണ്ട്. എങ്കിലും, 1 പത്രൊസ് ഒരു ലേഖനമാണ്. ഈ രേഖയിലെ പ്രധാനപ്പെട്ട ഭാഗങ്ങൾ ലേഖനമായിട്ടല്ല ആരംഭത്തിൽ എഴുതപ്പെട്ടത് മറിച്ച് കായിക നിർദ്ദേശങ്ങളായിട്ടായിരുന്നു എന്നു പണ്ഡിതന്മാരിൽ ചിലർക്ക് അഭിപ്രായമുണ്ട്. പുതിയതായി പരിവർത്തനം ചെയ്യപ്പെട്ട റോമയിൽ വെച്ച് അവിടത്തെ ക്രിസ്ത്യാനികൾക്കാണ് എഴുതപ്പെട്ടത്. ആ സിദ്ധാന്തം തുടരുന്നു. ഒന്നു പത്രൊസ്, ആരംഭത്തിൽ യഥാർത്ഥ ക്രിസ്ത്യാനി എന്നാൽ എന്താണ് അർത്ഥം എന്നു മനസിലാക്കുവാൻ എഴുതി എന്നു പറയപ്പെട്ടിരിക്കുന്നു. സ്നാന ശുശ്രൂഷയിലേക്ക് അഥവാ പരിവർത്തനത്തിലേക്ക് ഒരാളെ നയിക്കുന്നതിനാണ് 1 പത്രൊസ് ആരംഭത്തിൽ എഴുതപ്പെട്ടത് എന്ന വാദഗതിയുമുണ്ട്.[1] പിന്നീട് ഭക്തിയുള്ള പുരുഷന്മാർ അതിനെ ഒര ലേഖനരൂപത്തിലാക്കുകയും അപ്പൊസ്തലനായ പത്രൊസിന്റെ പേർ ലേഖകനായി എഴുതുകയും ചെയ്തു വലിയ സദസിനു വിതരണം ചെയ്തു എന്നാണ് സിദ്ധാന്തം പറയുന്നത്. യാഥാസ്ഥിതിക ബൈബിൾ പണ്ഡിതന്മാർ ആ സിദ്ധാന്തത്തെ പിന്തുണച്ചില്ല എന്നു തുറന്നു പറയട്ടെ. കാലം കഴിഞ്ഞപ്പോൾ, ഉദാരമതികളായ പണ്ഡിതന്മാരും അതിനെ തള്ളിക്കളഞ്ഞു. എന്തുകൊണ്ടെന്ന കാരണം കണ്ടെത്തുക പ്രയാസമാണ്.

ദൈവവിശ്വാസിയതയുടെ ചോദ്യങ്ങൾ മാറ്റി നിർത്തിയാൽ, റോമിൽ വെച്ച് പത്രൊസ് ലേഖനം എഴുതി ആസ്യാ ഭൂഖണ്ഡത്തിലെ സഭകൾക്ക് വിതരണം ചെയ്യുന്നതിലെ വേഷപ്പകർച്ചയുടെ ലക്ഷ്യം ഊഹിക്കുവാൻ തന്നെ പ്രയാസമാണ്. 1 പത്രൊസ് അയച്ചവന്റെ ഉദ്ദേശം ആദ്യ വായനക്കാർക്കു സ്നാനശുശ്രൂഷക്കായുള്ള സഹായിയായി ഉപയോഗിക്കുവാനായിരുന്നു എങ്കിൽ, ഒരു ലേഖനമായി അയച്ചതിലെ വേഷപ്പകർച്ചയെ സംശയിച്ചുപോകും. ലേഖനം എഴുതിയ വ്യക്തിയോ വ്യക്തികളോ, പ്രാരംഭ വായനക്കാരിൽനിന്നു, അത് വാസ്തവത്തിൽ ഒരു ലേഖനമായിരുന്നു എങ്കിൽ, അവർ സ്നാനശുശ്രൂഷക്കായിരുന്നു എങ്കിൽ വേഷപ്പകർച്ച അവർക്ക് എങ്ങനെ തിരിച്ചറിയുവാൻ കഴിഞ്ഞു? സിദ്ധാന്തത്തിനു രൂപം കൊടുത്തവർ ആളുകളെ തൃപ്തിപ്പെടുത്തുവാനുള്ള വിശദീകരണങ്ങളും നൽകി.

വന്ദനം, പ്രബോധനങ്ങൾ, ആശ്വസിപ്പിക്കുന്ന വാക്കുകൾ, ഓർമ്മപ്പെടുത്തലുകളും 1 പത്രൊസിന്റെ ഉപസംഹാരവും പൊതുവിൽ പുരാതന ലേഖനത്തെ തെളിയിക്കുന്നതാണ്. അതിനുപുറമെ, 1 പത്രൊസിന്റെ ലേഖനം നമുക്ക്

കിട്ടിയിരിക്കുന്നതുപോലെ ലേഖനരൂപത്തിലല്ലാതെ സഭയുടെ പുരാതന പാരമ്പര്യത്തിനു മറ്റൊരു രീതിയിലും അറിയാമായിരുന്നില്ല. അതിനാൽ 1 പത്രൊസ് ലേഖനരൂപത്തിലല്ലാതെ മറ്റൊരു വിധത്തിലും കരുതുവാൻ സാധ്യമല്ല. എങ്ങനെയായാലും, ആരെങ്കിലും 1 പത്രൊസ് സ്നാന ശുശ്രൂഷക്കോ അല്ലെങ്കിൽ അതുപോലെയുള്ള ആഘോഷത്തിനുള്ളതാണെന്നു സംശയിച്ചാൽ ഫലം അപ്രതീക്ഷിതമായിരിക്കും. ക്രിസ്ത്യാനിയുടെ സ്വയം-മനസിലാക്കലിനുള്ള സ്നാനത്തിന്റെ പ്രാധാന്യത്തെ ശ്രദ്ധിക്കുകയാവും ചെയ്യുന്നത്.

പ്രാരംഭ ക്രിസ്ത്യാനികളെ അവരുടെ പരിവർത്തന അനുഭവം, പ്രത്യേകിച്ച് അവരുടെ സ്നാനത്തെ ഓർപ്പിക്കുന്നത്, തുടർച്ചയായി അവരെ ഉത്തേജിപ്പിക്കുന്നതിനും വിശ്വസ്തമായ ക്രിസ്തീയ ജീവിതം തുടരുന്നതിനും സഹായകരമാണെന്ന കാര്യം വാസ്തവമാണ്. ആധുനിക വ്യാഖ്യാതാക്കൾ പൊതുവിൽ തിരിച്ചറിഞ്ഞതിനപ്പുറമാണ് പൗലൊസ് ഉപയോഗിച്ച "പുനർജ്ജനനസ്നാനം" എന്ന പ്രയോഗം (തിത്തൊ. 3:5). തെളിവില്ലെങ്കിൽ പോലും, രേഖ ഉദ്ദേശിച്ചത് സ്നാന ശുശ്രൂഷക്കുള്ള സഹായിയായിട്ടായിരുന്നു എന്നത് വാസ്തവമാണ്. പത്രൊസ് പല വേദഭാഗങ്ങളും പരിവർത്തനത്തെ/സ്നാനത്തെ സൂചിപ്പിച്ചു നൽകിയത് അപ്രതീക്ഷിതമായിരുന്നില്ല (1:3, 23; 2:1, 2; 3:21). തങ്ങളുടെ സ്നാനത്തെ കുറിച്ച് ചിന്തിക്കാതെ ക്രിസ്തുവിലേക്കുള്ള പരിവർത്തനത്തെ കുറിച്ച് ചിന്തിക്കുന്നത് പത്രൊസിനും അവന്റെ ആദ്യ വായനക്കാർക്കും ആലോചിക്കുവാൻ പോലും കഴിയുന്നതല്ല.

## ലേഖനത്തിന്റെ ഐക്യത

1 പത്രൊസ് ഐകരൂപ്യത്തിലാണോ എഴുതിയത്, അതായത്, ഒരു എഴുത്തുകാരനാൽ ഒരവസരത്തിൽ എഴുതിയതാണോ എന്നു ചോദിക്കുന്നത് ംപ്രാധാന്യമർഹിക്കുന്ന കാര്യമാണ്. പുസ്തകത്തിന്റെ ഐകമത്യത്തെ കുറിച്ചുയർന്ന ചോദ്യങ്ങൾ 1 പത്രൊസ് 4:12 നെ ചുറ്റിപ്പറ്റിയുള്ളതാണ്. ഒന്നു പത്രൊസ് 4:11 ഒരു ദൈവസ്തുതി, പുകഴ്ച്ചാ പ്രസ്താവനയാണ്, അത് സാധാരണ ലേഖനത്തിന്റെ അവസാനമാണ് വരുന്നത്, അല്ലെങ്കിൽ, അവസാനത്തോടടുപ്പിച്ചായിരിക്കും. അതിനുപുറമെ, 4:12-19 ൽ വിവരിച്ച വായനക്കാരുടെ കഷ്ടത, പുസ്തകത്തിലെ മറ്റു ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ തീവ്രതയുള്ളതായി കാണാം. 4:12-5:14 വരെ മാത്രമാണ് 1 പത്രൊസിലെ വാസ്തവത്തിലുള്ള ലേഖന രൂപത്തിലുള്ളതെന്ന് ചിലർ സംശയിക്കുന്നു. പിന്നീട്, കുറെ കഴിഞ്ഞ്, 4:12-5:14 ആരോ സ്നാനരേഖയായി കൂട്ടിച്ചേർക്കുകയും, മുൻപ് സൂചിപ്പിച്ചതുപോലെ അപ്പൊസ്തലനായ പത്രൊസിന്റെ പേർ ഉൾപ്പെടുത്തുകയും ചെയ്തു എന്ന വാദഗതിയാണ് തുടരുന്നത്.

1 പത്രൊസ്, ഭാഗം ഭാഗമായിട്ടാണ് ആദ്യം എഴുതിയത് എന്ന വാദഗതി ശ്രദ്ധയോടെ പുസ്തകം വായിച്ചാൽ പൊളിയും. ഒന്ന്, ദൈവസ്തുതി ഒരു രേഖയുടെ അവസാനമേ വരാവു എന്ന് നിയമം ഒന്നുമില്ല. ഏറ്റവും മനോഹരമായ ദൈവസ്തുതി പൗലൊസ് 1 തിമൊഥെയൊസ് 6:15, 16-ൽ രേഖപ്പെടുത്തിയിട്ട് ലേഖനം തുടരുകയാണ് ചെയ്തിരിക്കുന്നത്. എഫെസ്യ ലേഖനത്തിൽ പൗലൊസ് പകുതിയായപ്പോൾ ദൈവസ്തുതി പ്രയോഗം നടത്തിയിരിക്കുന്നു (എഫെ. 3:20, 21). കൂടാതെ, 1 പത്രൊസ് 4:12-19 ൽ വിവരിച്ചിരിക്കുന്ന കഷ്ടത തീവ്രതയുള്ളതായിരുന്നു, മുൻപ് വായനക്കാർക്ക് വിശ്വാസത്തിൽ നേരിട്ട "അഗ്നിപരീക്ഷയെ" എടുത്തുകാണിക്കുമ്പോഴും അവരുടെ കഷ്ടതയെ ഓർപ്പി

ക്കുകയായിരുന്നു (1:7).

വിഷയസംബന്ധമായ വാദഗതിയുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ടതാണ് 1 പത്രൊസ് ആരംഭത്തിൽ രണ്ട് മൂന്നു രേഖകളായിരുന്നത് പിന്നീട് ഒരു ലേഖനമായി യോജിപ്പിച്ചത്. അത് സത്യമാണെന്ന് വിശ്വസിക്കുവാനുള്ള തെളിവ് ഒന്നുമില്ല. തന്റെ വായനക്കാർ അനുഭവിക്കുന്ന കഷ്ടതകളെ കുറിച്ച് അറിവ് കിട്ടിയശേഷം 4:12-5:14 കൂട്ടിച്ചേർത്തതാകുവാൻ സാധ്യതയുണ്ട്, എങ്കിലും, അതും തീർച്ചയില്ല. 4:12-5:14 തനിക്ക് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ രണ്ടാമത് എഴുതിയതാണെങ്കിലും, അത് ലേഖനത്തിന്റെ ഐകരൂപ്യത്തെ ഒരിക്കലും ബാധിച്ചിട്ടില്ല.

## ലേഖനത്തിന്റെ സന്ദർഭം

ഒരു ലേഖനം മനസിലാക്കുവാനായി അത് എന്തിനുവേണ്ടിയാണ് ലേഖകൻ എഴുതിയത് എന്നു ചോദിക്കുകയായിരിക്കും ഉത്തമം. പത്രൊസ് എന്തിനാണ് എഴുതിയത്? അവൻ ഇത് എഴുതുവാൻ വായനക്കാരുടെ പശ്ചാത്തലം എന്തായിരുന്നു? ആ ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നതിന് പുസ്തകം ശ്രദ്ധയോടെ വായിക്കുന്നതോടൊപ്പം ബൈബിളിനു പുറത്തുള്ള ചരിത്രപരമായ വിവരങ്ങൾ കൂടെ ശേഖരിക്കുന്നത് ഉചിതമായിരിക്കും. ചെറിയ അഞ്ച് അദ്ധ്യായങ്ങൾ അടങ്ങിയിരിക്കുന്ന പുസ്തകം നന്നായി വായിക്കുന്നത് നിരീക്ഷണത്തിന് ആവശ്യമാണ്: വായനക്കാരുടെ കഷ്ടതയായിരുന്നു അപ്പൊസ്തലനെ എഴുതുവാൻ പ്രേരിപ്പിച്ചത്. വാസ്തവത്തിൽ, കഷ്ടത ലേഖനത്തിലുടനീളം ഒരു ചുവപ്പ് നൂൽ പോലെ കാണാം.

1 പത്രൊസ് എഴുതിയ തീയതി താഴെ കൊടുത്തിരിക്കുന്ന ഭാഗത്ത് നമുക്ക് പരിഗണിക്കാം. എന്നാൽ ഒന്നാം നൂറ്റാണ്ടിന്റെ 60-കളുടെ മദ്ധ്യത്തിൽ എഴുതി എന്നു മാത്രം പറയട്ടെ. അതു വാസ്തവമാണെങ്കിൽ, ആ വായനക്കാരിൽ ചിലർ ക്രിസ്ത്യാനികളായിട്ട് പത്തു വർഷത്തിലധികമായി കാണും. സമയം കഴിഞ്ഞപ്പോൾ ചിലർ ക്രിസ്തുവിനെ വിട്ട് പിന്തിരിഞ്ഞു പോയിരിക്കുവാനും സാധ്യതയുണ്ട്. അതിലുപരിയായി, വിശ്വസ്തരായി നിലനിന്നവരുടെ സ്ഥിതിയും അത്ര നന്നായിരുന്നില്ല. ചിലർ നിരാശപ്പെട്ടിരുന്നു; അവരുടെ വിശ്വാസത്തിന് ഇളക്കം തട്ടിത്തുടങ്ങിയിരുന്നു. തന്റെ വായനക്കാർ അനുഭവിക്കുന്ന കഷ്ടതയോട് പൊരുത്തപ്പെടുവാനായിരുന്നു പത്രൊസ് എഴുതിയത്. അവർ അഭിമുഖീകരിച്ച കഷ്ടതക്ക് എളുപ്പത്തിലുള്ള വിശദീകരണം അപ്പൊസ്തലന് അസാധ്യമായിരുന്നു, എന്നാൽ ലോകത്തിൽ ദൈവം തന്റെ ഇഷ്ടം പ്രവർത്തിക്കും എന്ന് അവരെ അറിയിക്കുവാൻ അപ്പൊസ്തലൻ ആഗ്രഹിച്ചു. ചില സന്ദർഭത്തിൽ കഷ്ടത ആത്മിയതയെ തെളിയിക്കുന്നതായി അപ്പൊസ്തലൻ പറഞ്ഞു. ലോഹം ശുദ്ധീകരിക്കുവാൻ തീ ഉപയോഗിക്കുന്നതുപോലെ, തന്റെ വായനക്കാരെ ശുദ്ധീകരിക്കുവാനും നിർമ്മലീകരിക്കുവാനും കഷ്ടത ആവശ്യമായിരുന്നു (1:7).

യേശുവിനെ തങ്ങളുടെ കർത്താവായി ഏറ്റു പറഞ്ഞതിനാൽ തന്റെ ക്രിസ്തീയ സഹോദരീസഹോദരന്മാർ വലിയ വില കൊടുത്തുകൊണ്ടിരുന്നത് അപ്പൊസ്തലനെ ചിന്തിപ്പിച്ചു. കഷ്ടത തടയുവാൻ ദൈവത്തിനു കഴിയും എന്ന കാര്യത്തിൽ അവന് യാതൊരു സംശയവുമില്ലായിരുന്നു. എന്തുകൊണ്ട് ഉടനെ അവസാനിപ്പിച്ചില്ല എന്നത് ദൈവഹിതത്തിന്റെ മർമ്മമായിരുന്നു. കഷ്ടത വരുത്തുന്നത് ദൈവം അല്ല എങ്കിലും, കഷ്ടതയെ അവനു

തന്റെ ഉദ്ദേശം നിറവേറ്റുന്നതിന് ഉപയോഗിക്കുവാൻ കഴിയും. മനുഷ്യരുടെ മൽസരത്തെയും പാപത്തെയും ദൈവത്തിന് അടിച്ചമർത്തുവാൻ കഴിയും, ദൈവഭക്തർക്ക് നേരിടുന്ന കഷ്ടതയെ തന്റെ ഉദ്ദേശത്തിനായി ദൈവം ഉപയോഗിക്കും. യേശുവിന്റെ കഷ്ടത ഒരു മാതൃകയാക്കി വെച്ചിരിക്കുന്നു (2:21; 3:17, 18; 4:13). കർത്താവ് കഷ്ടം സഹിച്ചു എങ്കിൽ, തന്റെ ജനം കഷ്ടം അനുഭവിക്കുന്നത് അസാധാരണമാണെന്ന് ആർക്ക് പറയുവാൻ കഴിയും?

തന്റെ വായനക്കാർ നേരിടുന്ന കഷ്ടതയെ പത്രൊസ് തന്റെ ലേഖനത്തിൽ നാല് പ്രാവശ്യം നേരിട്ടു തന്നെ പറയുന്നു (1:6-9; 3:13-17; 4:12-19; 5:9, 10). വിശ്വാസികൾ ഉപദ്രവിക്കപ്പെടുകയും തടവിലാക്കപ്പെടുകയും ചെയ്തു എന്ന വാക്കുകൾ ഉപയോഗിച്ചിട്ടില്ല. മറിച്ച്, അക്രൈസ്തവരായ അയൽക്കാരിൽനിന്ന് അവർക്ക് നീരസവും, അസഹിഷ്ണുതയും അപവാദവും നേരിട്ടു, അല്ലെങ്കിൽ സ്വന്ത കുടുംബത്തിൽനിന്നുപോലും അവ അനുഭവപ്പെട്ടുകാണും. തന്റെ വായനക്കാർ നേരിട്ട കഷ്ടതയുടെ സ്വഭാവം പത്രൊസ് വ്യക്തമാക്കിയില്ല, എന്നാൽ ചില സൂചനകൾ നൽകിയിരിക്കുന്നു. 2:12 ലും 3:16 ലും ഉത്തമമായും നീതിപൂർണ്ണമായും ജീവിക്കുവാനാണ് അവരോട് അപേക്ഷിച്ചത് അങ്ങനെ അവരെ കുറിച്ച് അപവാദം പറയുന്നവരെ ലജ്ജിപ്പിക്കുകയാണ് വേണ്ടത്. അവർ നേരിട്ട കഷ്ടങ്ങളുടെ ഒരു ഭാഗം അവിശ്വാസികളിൽനിന്നുള്ള അപവാദമായിരുന്നു എന്നു പറയപ്പെടുന്നു. വിശ്വാസികൾ അവിശ്വാസികളായ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ പെരുമാറ്റത്തോട് മുഖം തിരിച്ചുകളഞ്ഞതായിരുന്നു അവരുടെ അയൽക്കാരെ ചൊടിപ്പിച്ചത്. അക്കാരണത്താൽ അവരുടെ അയൽക്കാർ അവരെ അപകീർത്തിപ്പെടുത്തി.

പത്രൊസിന്റെ വായനക്കാർ ഉടനെ നേരിട്ട കഷ്ടതകൾ ജീവനു-ഭീഷണി ഉയർത്തുന്നതോ അല്ലെങ്കിൽ അധികാരികളിൽനിന്നോ ഉദ്യോഗസ്ഥന്മാരിൽ നിന്നുള്ളതോ ആയിരുന്നില്ല. അപ്പോഴും, ഗവൺമെന്റ് അധികാരികളിൽനിന്നുള്ള ഉപദ്രവ സൂചനകൾ അന്തരീക്ഷത്തിൽ കേൾക്കാമായിരുന്നു. ഭരണാധികാരികളെ ബഹുമാനിപ്പാൻ പത്രൊസ് അവശ്യപ്പെട്ടപ്പോൾ (2:13-17), അവൻ യഥാർത്ഥത്തിലുള്ള ഒരു പ്രശ്നം കൈകാര്യം ചെയ്യുകയായിരുന്നു. ക്രിസ്ത്യാനിത്വം പുതിയതായിരുന്നു. നിർഭാഗ്യകരമായ സംഭവങ്ങളോ കുറ്റകൃത്യമോ സംഭവിച്ചാൽ അതിനെ ക്രിസ്ത്യാനികളെയാണ് കുറ്റപ്പെടുത്തിയിരുന്നത്. പുരാതനകാലത്തും ആധുനിക ലോകത്തും പുതിയ മതത്തിന്റെ ആവിർഭാവത്തെ സംശയദൃഷ്ടിയോടെയാണ് കണ്ടിരുന്നത്.

റോമിലെ ഉദ്യോഗസ്ഥന്മാർ ആരംഭത്തിൽ ക്രിസ്ത്യാനിത്വത്തെ പരിശോധിച്ചിരുന്നു എന്നതിന് മതിയായ തെളിവുകളില്ല. ക്രിസ്ത്യാനികൾക്ക് നേരിട്ട ഉപദ്രവം അധികവും ചക്രവർത്തിമാരിൽനിന്നോ, നാടുവാഴികളിൽ നിന്നോ ആയിരുന്നില്ല, മറിച്ച് പ്രാദേശികമായ പട്ടണമേനവന്മാരിൽനിന്നായിരുന്നു. ക്രിസ്ത്യാനികൾ തങ്ങളുടെ ഉൽപന്നങ്ങൾ ചന്തസ്ഥലത്ത് കൊണ്ടുപോയി വിൽക്കുന്നതിനോ അല്ലെങ്കിൽ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നതിനോ ബുദ്ധിമുട്ടിയിരുന്നു. സാമ്പത്തിക പ്രതിരോധവും സാമൂഹ്യമായ ആക്ഷേപവും ക്രിസ്ത്യാനികളെ ശ്രദ്ധിക്കുന്ന വിധത്തിലാക്കി. തങ്ങൾ വില കൊടുക്കേണ്ടവരാണെന്ന് അവന്റെ നാമം ധരിച്ചിരിക്കുന്നവർ തിരിച്ചറിഞ്ഞു. തങ്ങൾ അനുഭവിക്കുന്ന ലജ്ജാകരമായ പെരുമാറ്റത്തിന് ക്രിസ്ത്യാനികൾക്ക് നേരിടുവാൻ ആത്മിയ വിഭവങ്ങൾ ആവശ്യമാണെന്ന് പത്രൊസ് എഴുതി. ഭാവിയിൽ ഉപദ്രവങ്ങൾ കൂടുതൽ വരുമെന്നും അവ നേരിടുവാൻ ഒരുങ്ങണമെന്നും

അവൻ എഴുതി.

ക്രിസ്തീയ കഷ്ടതകൾക്ക് പുറമെ ലേഖകന്റെ മനസിൽനിന്നു മായാതിരിക്കുന്ന മറ്റൊരു വിഷയവും 1 പത്രൊസിന്റെ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നു. അത് കഷ്ടതയും ഉപദ്രവവുമായി ബന്ധപ്പെട്ട വിഷയമാണ്, അത് പുതിയനിയമത്തിലുടനീളം മാറ്റൊലികൊള്ളുകയും ചെയ്യുന്നു. കർത്താവിന്റെ മടങ്ങി വരവും അവരുടെ തേജസ്ക്കരണവും അടുത്തിരിക്കയാൽ വിശ്വാസത്തിൽ ഉറച്ചു നിൽപാനായിരുന്നു അപ്പൊസ്തലൻ തന്റെ വായനക്കാരോട് അപേക്ഷിച്ചത് (1:5, 7, 13; 2:12; 4:7, 13; 5:1, 4, 10). ഏതെല്ലാം തെറ്റുകൾ അവർ സഹിക്കേണ്ടി വന്നാലും അതിനെല്ലാം പകരം വീട്ടുവാനിരിക്കുന്നു. ലോകത്തെ ന്യായം വിധിക്കുവാനും പ്രതികാരം വീട്ടുവാനുമായിട്ടാണ് കർത്താവ് വീണ്ടും വരുന്നത്. തന്റെ വായനക്കാരുടെ പ്രത്യാശ പുതുക്കുവാനാണ് പത്രൊസ് എഴുതിയത് (1:13). അവരുടെ വിശ്വാസത്തെ പിന്തുടർന്ന നിരാശയെ അതിജീവിക്കുവാനാവശ്യമായ ശക്തിയുടെ ഉറവിടം കർത്താവിന്റെ മടങ്ങി വരവ് ആയിരുന്നു (3:14). അപ്പൊസ്തലന്റെ ആദ്യ വായനക്കാരുടെ കഷ്ടതയും കർത്താവിന്റെ മടങ്ങി വരവും യോജിപ്പിക്കുന്നതാണ് 1 പത്രൊസിന്റെ ലേഖനം. കർത്താവ് മടങ്ങി വരുമ്പോൾ, പ്രത്യാശ തിരിച്ചറിയുവാനും സന്തോഷം അനുഭവിപ്പാനും കഴിയും (1:6–9).

പത്രൊസ് എഴുതിയതിന്റെ കാരണം ഒരുപക്ഷെ താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ ചുരുക്കി പറയാം: ക്രിസ്തുവിന്റെ കഷ്ടതയിൽ അവർ പങ്കുകാരാകുമ്പോൾ, ക്രിസ്ത്യാനികൾ അനുഗ്രഹിക്കപ്പെട്ടവരാണ് എന്ന് വീണ്ടും ഉറപ്പിക്കുകയാണ് (4:14, 16). കഷ്ടത പ്രതീക്ഷിച്ചിരുന്നു. ലോകം അറിയാതിരുന്ന ചിലത് അവർ അറിഞ്ഞതിനാൽ അവർ സ്ഥിരോൽസാഹത്തിലിരിക്കണമായിരുന്നു; ഉദാഹരണമായി, യേശു വീണ്ടും കർത്താവും ന്യായാധിപതിയുമായി പ്രത്യക്ഷനാകും (1:17; 4:17 നോക്കുക). അവൻ മടങ്ങി വരുമ്പോൾ, വീണ്ടെടുക്കപ്പെടുന്നവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ അവരും പങ്കിടും. തന്റെ വായനക്കാർ "[അവരുടെ] വിശ്വാസത്തിന്റെ ഫലമായി," അവർ "[അവരുടെ] ആത്മാക്കൾക്ക് രക്ഷ ലഭിക്കുകയും ചെയ്യും" (1:9). പൗലൊസിനെ പോലെ പത്രൊസും, "നമുക്ക് വെളിപ്പെടുവാനിരിക്കുന്ന തേജസുമായി താരതമ്യം ചെയ്താൽ ഇപ്പോഴത്തെ കഷ്ടത ഒന്നുമല്ല എന്നു പറഞ്ഞിരിക്കുന്നു" (റോമർ 8:18).

ആ രണ്ട മുഖ്യവിഷയങ്ങളെ ആവർത്തിച്ച് പറഞ്ഞ് പത്രൊസ് ക്രിസ്തീയ ജീവിതത്തിലെ മുഖ്യമായ മറ്റു വിഷയങ്ങളെയും കൈകാര്യം ചെയ്യുന്നു. കഷ്ടത ദോഷാനുദർശനത്തിലേക്ക് നയിക്കുവാനിടയുള്ളതുകൊണ്ടാണ് അവൻ അതിൽ ഉൽക്കണ്ഠയുള്ളവനായത്. ലോകം ക്രിസ്ത്യാനികളോട് പെരുമാറിയതുപോലെ, അവരും ലോകത്തോട് ചെയ്യുവാൻ പ്രേരിതരാകുന്നതാണ് ദോഷാനുദർശനം. ഒരിക്കലും അഭക്തമായ ജീവിതത്തിലേക്ക് തിരിയാതെ, നല്ല വിശുദ്ധമായ ജീവിതം നയിക്കുവാൻ അപ്പൊസ്തലൻ അവരോട് ആവർത്തിച്ച് പ്രബോധിപ്പിക്കുയാണ് (2:12, 3:8, 9, 17; 4:3, 15). ക്രിസ്ത്യാനികൾ വ്യാജവും ചതിയും, തുറന്ന മനസോടെ സത്യസന്ധമായി നേരിടണം. വെറുപ്പിനേയും പരിഹാസത്തെയും അവർ സൗമ്യതയോടും ദയയോടും കൂടെ നേരിടണം. (3:9). ക്രിസ്ത്യാനികൾക്ക് കഷ്ടത വരികയാണെങ്കിൽ അത് അനീതി ചെയ്തതുകൊണ്ടാകരുത് (3:17; 4:15). ദയയും, കീഴ്പ്പെടലും, സേവനവും ലോകത്തുള്ളവരെ വെറുക്കുന്നതിനും അസഹിഷ്ണുത കാണിക്കുന്നതിനും കാരണമാക്കുന്നു, അതേ സമയം അവരിൽ അത്തരം സ്വഭാവങ്ങൾ കാണു

കയുമില്ല. തന്റെ വായനക്കാർ വിശുദ്ധജനമാണെന്ന് അവർ ഓർക്കണമെന്ന് അപ്പൊസ്തലൻ ആഗ്രഹിച്ചു (1:14-16; 2:9). അവർ ദൈവത്തിന്റെ ആലയത്തിലെ ജീവനുള്ള കല്ലുകളാണ് (2:5). യേശു ജീവിച്ച ജീവിതം അനുകരിച്ചതിനാൽ അവർക്ക് ലഭിച്ച ജീവിത വിജയമായിരുന്നു വിശുദ്ധി. ജീവിതത്തിന്റെ എല്ലാ മേഖലയിലും, യേശു അവരുടെ മാതൃക, *ഹുപോഗ്രാമോസ്* ആയിരുന്നു, അവന്റെ അധരത്തിൽ പാപം ഇല്ലായിരുന്നു; ആളുകൾ അവനെ ആക്ഷേപിച്ചപ്പോൾ, അവൻ തിരിച്ച് ആക്ഷേപിച്ചില്ല (2:21-23). വിശ്വാസികളുടെ അധരത്തിൽ പാപം ഇല്ലായിരുന്നു; ആളുകൾ അവരെ ആക്ഷേപിച്ചപ്പോൾ, അവർ തിരിച്ച് അവരെ ആക്ഷേപിക്കരുതായിരുന്നു.

## ലേഖനത്തിന്റെ ലേഖകൻ

സുവിശേഷങ്ങളിൽ, ശിമോൻ പത്രൊസിനെ അസ്പഷ്ടമായി വലുതായി പറഞ്ഞിരിക്കുന്നു. മറ്റു അപ്പൊസ്തലന്മാരിൽ, "യേശു സ്നേഹിച്ച ശിഷ്യനെ പോലും" പറയുന്നു (യോഹ. 21:7). യേശുവിന്റെ സംഭവങ്ങളിൽ പത്രൊസിനെ താരതമ്യം ചെയ്തതുപോലെ താരതമ്യം ചെയ്തിട്ടില്ല. "പത്രൊസ്" എന്ന പേർ സുവിശേഷങ്ങളിൽ എഴുപതു പ്രാവശ്യം പറഞ്ഞിരിക്കുന്നു. അതിനു പുറമെ "ശിമോൻ" എന്നും "പത്രൊസ്" എന്നുമുള്ള പേരുകൾ യോജിപ്പിച്ച് ഇരുപത്തി-ആറു സ്ഥലത്ത് പറഞ്ഞിരിക്കുന്നതിൽ അധികവും യോഹന്നാന്റെ പുസ്തകത്തിലാണ്. അപ്പൊസ്തലനെ ശിമോൻ എന്നു മാത്രം പതിനേഴു പ്രാവശ്യവും, ഒരിക്കൽ സുവിശേഷങ്ങളിൽ കേഫാവ് എന്നും പറഞ്ഞിരിക്കുന്നു (യോഹ. 1:42), ഒരു വ്യത്യാസമായി, അപ്പൊസ്തലനായ യോഹന്നാൻ പേരെടുത്തു പറഞ്ഞിരിക്കുന്നത് ഏകദേശം ഇരുപതു പ്രാവശ്യമാണ്. യേശുവിനെ ഒഴിച്ച് നിർത്തിയാൽ സുവിശേഷങ്ങളിൽ പത്രൊസിന് പ്രമുഖ സ്ഥാനം തന്നെയുള്ളതായി കാണാം.

സുവിശേഷങ്ങളിൽ, എടുത്തു ചാടി മോശമായ-നിർദ്ദേശം കൊടുക്കുന്നതും സംസാരിക്കുന്നതുമായ പത്രൊസിന്റെ വിശ്വാസത്തിലെ ചാഞ്ചല്യം, അവനിലെ സാധാരണ മനുഷ്യത്വം, മാനസാന്തരപ്പെടുന്ന ആശ്രയം എന്നിവയെ കുറിച്ച് പറഞ്ഞിട്ടുള്ളത് ചൂണ്ടിക്കാണിക്കുന്നതിൽ ക്രിസ്ത്യാനികൾക്ക് ഒരിക്കലും മടുപ്പുണ്ടാകുകയില്ല. വെള്ളത്തിന്മേൽ നടന്ന് കർത്താവിന്റെ അടുക്കലേക്ക് പോയതു പത്രൊസ് ആയിരുന്നു, പക്ഷെ അവന്റെ വിശ്വാസത്തിന് ഇളക്കം തട്ടി മുങ്ങിപ്പോയി (മത്താ. 14:28-33). ഫിലിപ്പിന്റെ കൈസരുടെ പ്രദേശത്ത് വെച്ച് "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു" എന്നു ഏറ്റു പറയുവാൻ പത്രൊസിനു ധൈര്യമുണ്ടായിരുന്നു (മത്താ. 16:16). ഉടനെ തന്നെ നല്ല ഒരു ശാസന യേശുവിൽനിന്നു ലഭിച്ചു (മത്താ. 16:23). കർത്താവിനെ വിചാരണ ചെയ്തപ്പോൾ പത്രൊസ് അവിടെ ഉണ്ടായിരുന്നു. കർത്താവിനെ സ്വന്തമാക്കുവാൻ അവസരം ലഭിച്ചപ്പോൾ, നസറായനായ യേശുവിനെ അറിയുകയേയില്ല എന്ന് അവൻ തള്ളിപ്പറഞ്ഞു (മത്താ. 26:69-75). നൂറ്റാണ്ടുകൾക്ക് മുൻപ് വിശ്വാസികളെ ത്രസിപ്പിച്ച പത്രൊസിന്റെ സംഭവങ്ങൾ ഇന്നും വിശ്വാസികളെ പ്രചോദിപ്പിച്ചുകൊണ്ടാണിരിക്കുന്നത്.

സുവിശേഷങ്ങൾ അവസാനിച്ചിട്ടും പത്രൊസിന്റെ സംഭവങ്ങൾ അവസാനിക്കുന്നില്ല. പ്രവൃത്തികളുടെ പുസ്തകത്തിലെ ആരംഭ അദ്ധ്യായങ്ങളിൽ പെന്തെകൊസ്തുനാളിൽ നാം പത്രൊസിനെ മാറിയവനായിട്ടാണ് കാണുന്നത്. യെഹൂദന്മാർക്ക് ദൈവരാജ്യത്തിന്റെ വാതിൽ തുറന്നുകൊടുക്കുന്ന

ആദ്യ സുവിശേഷം പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രസംഗിച്ചത് പത്രൊസ് ആയിരുന്നു (പ്രവൃ. 2:14-36; മത്താ. 16:19). അതിനുപുറമെ, ജാതികൾക്ക് ദൈവരാജ്യത്തിലേക്ക് വാതിൽ തുറന്നു കൊടുക്കുന്നതിനു കൊർന്നെല്യോസിന്റെ ഭവനത്തിൽ വെച്ച് സുവിശേഷ പ്രസംഗം നടത്തിയതും പത്രൊസ് ആയിരുന്നു (പ്രവൃ. 10; 11). പ്രാരംഭ സഭയിലെ അവന്റെ പ്രാമുഖ്യവും, അവന്റെ സാക്ഷ്യത്തിന്റെ ആത്മാർത്ഥതയും, യെഹൂദ എതിരാളികളെ അവൻ ധൈര്യത്തോടെ നേരിട്ടതും, കർത്താവ് തന്റെ ശിഷ്യന്മാർക്ക് പകർന്നുകൊടുത്ത അധികാരത്തെയാണ് നമ്മെ ഓർപ്പിക്കുന്നത്. ഈ മനുഷ്യനെ "പത്രൊസ്" എന്നും "കേഫാവ്" എന്നും വിളിച്ച് യേശു തന്റെ പരിജ്ഞാനം വെളിപ്പെടുത്തിയതായി പ്രവൃത്തികളുടെ പുസ്തകത്തിൽ നാം കാണുന്നു (യോഹ. 1:42), ഗ്രീക്കിലും അരാമ്യയിലും ആ വാക്കുകളുടെ അർത്ഥം "പാറ" എന്നാണ്. ഏകദേശം മൂന്നു വർഷകാലയളവുകൊണ്ട് യേശു ഈ ചാഞ്ചല്യമുള്ള മുക്കുവനെ ശക്തിഗോപുരമാക്കി മാറ്റി. യേശുവിന്റെ സംഭവങ്ങളിൽ മാത്രമല്ല, പ്രാരംഭ സഭയുടെ സംഭവ വിവരണങ്ങളിലും ശിമോൻ പത്രൊസ് പ്രമുഖ സ്ഥാനം അലങ്കരിച്ചിരിക്കുന്നു.

സുവിശേഷങ്ങളിലേയും പ്രവൃത്തികളുടെ പുസ്തകത്തിലേയും പത്രൊസിന്റെ പ്രാധാന്യത്തെ കാണുമ്പോൾ, പുതിയനിയമ രേഖകളിൽ അപ്പൊസ്തലനായിരുന്ന പത്രൊസിന്റെ രണ്ട് ലേഖനങ്ങൾ ഒരു വശത്തേക്ക് മാറ്റിയിരിക്കുന്നുവോ അഥവാ മറന്നുപോയോ എന്ന് സംശയിക്കപ്പെടുന്നു.[2] എബ്രായ ലേഖനത്തിനും വെളിപ്പാടിനും ഇടയ്ക്ക് കാതോലിക ലേഖനങ്ങൾ (നാം അവയെ പൊതുവായ ലേഖനങ്ങൾ എന്നു മാറ്റി പറയുന്നു) ആയ യാക്കൊബ്, പത്രൊസ്, യോഹന്നാൻ, യൂദാ എന്നിവ നഷ്ടപ്പെടുവാനും സാധ്യതയുണ്ട്. അത് ഒരുപക്ഷെ ക്രിസ്തീയ ഉപദേശങ്ങളെ നിർവ്വചിക്കുന്ന ശക്തിയുള്ള പൗലൊസിന്റെ ലേഖനങ്ങൾ നിമിത്തമാകാം പത്രൊസിന്റെ ലേഖനങ്ങളെ അവഗണിക്കുവാൻ കാരണം. അവഗണനക്കുള്ള കാരണം എന്തായാലും, ക്രിസ്തീയ പൈതൃകത്തിന് സ്തുത്യർഹമായ പങ്കാണ് പത്രൊസിന്റെ ലേഖനങ്ങൾ വഹിക്കുന്നത്. ആ ലേഖനത്തെ ശ്രദ്ധയോടെയും പ്രാർത്ഥനയോടെയും പഠിച്ചാൽ ക്രിസ്തീയ വിശ്വാസം പ്രബലപ്പെടും എന്ന കാര്യത്തിൽ സംശയമില്ല. ലേഖനത്തിലെ സന്ദേശം ഒന്നാം നൂറ്റാണ്ടിലെ ലോകത്തെ മാറ്റി.

ലേഖനത്തിലെ പ്രാരംഭ വാക്കുകൾ തന്നെ നാം വിചാരിക്കുന്നതുപോലെ ലേഖകനെ വ്യക്തമായി വിവരിക്കുകയാണ്. "യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായ പത്രൊസിൽ" നിന്നാണ് ലേഖനം. ഈ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിലും, രണ്ടാം-നൂറ്റാണ്ടിലെ സഭയുടെ പൊതു സാക്ഷികളുടേയും അടിസ്ഥാനത്തിൽ, പ്രവൃത്തികളുടെ പുസ്തകത്തിലും സുവിശേഷങ്ങളിലും പറയുന്ന അതേ പത്രൊസ് തന്നെയാണോ ഇത് എഴുതിയത് എന്നു സംശയിക്കുന്നവർ ഉണ്ടായിട്ടുണ്ട്.[3] പ്രതീക്ഷിച്ചതുപോലെ, സംശയാലുക്കൾ എപ്പോഴും ഉണ്ടായിട്ടുണ്ട്, എന്നാൽ ശിമോൻ പത്രൊസ് തന്നെയാണ് ലേഖകൻ എന്നാണ് പിന്തുണക്കുന്ന തെളിവുകൾ.

സംശയിച്ചവർ പറയുന്നത് അതിൽ ഉപയോഗിച്ചിരിക്കുന്ന ശ്രേഷ്ഠമായ സാഹിത്യം ഒരു ഗലീലക്കാരനായ മുക്കുവനിൽനിന്നു പ്രതീക്ഷിക്കാവുന്നതല്ല എന്നാണ്. റോമിൽ വെച്ച് 60കളിൽ പത്രൊസ് മരിച്ച ശേഷമുള്ള സഭയുടെ പുരോഗതി ലേഖനത്തിൽ പ്രതിഫലിപ്പിച്ചിരിക്കുന്നു എന്നതാണ് സംശയാലുക്കളുടെ മറ്റൊരു കണ്ടെത്തൽ.[4] അതിനുപുറമെ, ചിലർ വാദിക്കുന്നത്, പത്രൊസ്

ആണ് ലേഖനം എഴുതിയതെങ്കിൽ, തനിക്ക് കർത്താവുമായി ഉണ്ടായിരുന്ന വ്യക്തിപരമായ ബന്ധത്തെ പറയുമായിരുന്നു എന്നാണ്.

പുതിയ നിയമത്തിലെ ഏറ്റവും നല്ല ഗ്രീക്ക് ആണ് 1 പത്രൊസിലുള്ളത് എന്നതു വാസ്തവമാണ്. എങ്ങനെയായാലും, തന്റെ പകർത്തെഴുത്തുകാരൻ സില്വാനോസ്/ശിലാസ് ആയിരുന്നു എന്ന കാര്യം പത്രൊസ് സമ്മതിക്കുന്ന തിനെ കണ്ടില്ലെന്ന് നടിക്കരുത് (5:12). പ്രവൃത്തികൾ 15:22 ലാണ് ആദ്യമായി ശിലാസിനെ പറ്റി പറഞ്ഞിരിക്കുന്നത്. അവൻ ഒരു യെഹൂദ ക്രിസ്ത്യാനിയാ യിരുന്നു, റോമാ-ഗ്രീക്ക് പേരായിരുന്നു അവന്റേത്. സൂക്ഷ്മബോധമുള്ള ഒരു എഴുത്ത് ജാതികളിൽനിന്ന് വിശ്വാസികളായി തീർന്നവർക്കായി യെരൂ ശലേം സഭയിൽ എത്തിക്കുവാൻ ശിലാസ് വിശ്വസ്തമായ പങ്കാണ് വഹിച്ചത് (പ്രവൃ. 15), തെസ്സലൊനിക്യർക്കുള്ള രണ്ടു ലേഖനങ്ങളും എഴുതുവാൻ ശിലാസ് പൗലൊസിനോടുകൂടെ ചേർന്നിരുന്നു (1 തെസ്സ. 1:1; 2 തെസ്സ. 1:1) അവൻ വ്യക്തമായും പഠിച്ച ഒരു ക്രിസ്ത്യാനി ആയിരുന്നു എന്നു തെളിയിക്കുന്നു. അത് അങ്ങനെയാകുമ്പോൾ, 1 പത്രൊസിന്റെ ലേഖനത്തിലെ ഉയർന്ന നിലവാ രത്തിലുള്ള ഗ്രീക്ക് അവൻ ഉപയോഗിച്ചതാണെന്നു വ്യക്തമാകുന്നു.[5] ശിലാസ് പത്രൊസിന്റെ പകർത്തെഴുത്തുകാരനായി പ്രവർത്തിച്ച് നല്ല ഗ്രീക്ക് സാഹി ത്യം ഉപയോഗിച്ചാൽ പോലും, ലേഖനം പത്രൊസിന്റേതല്ല എന്നു വരുന്നില്ല. ശിലാസ് ഒരു പ്രവാചകനായിരുന്നതിനാൽ (പ്രവൃ. 15:32), ദൈവശ്വാസിയത ഉറപ്പാക്കുവാൻ 1 പത്രൊസിന്റെ ലേഖനത്തിലെ ഓരോ വാക്കും പത്രൊസ് പകർത്തിയെഴുതുവാൻ കൊടുത്തു എന്നു വരണമെന്നില്ല.

1 പത്രൊസ് എഴുതിയത് പത്രൊസ് ആണെന്നതിനെ എതിർക്കുന്നവരുടെ വാദത്തിന്, അതായത് പ്രാരംഭ സഭയുടെ പുരോഗതി ഒന്നാം നൂറ്റാണ്ടിൽ ആസ്യാ ഭൂഖണ്ഡത്തിൽ നടന്നു എന്നു പറയുന്നതിനും 60 കൾക്ക് മുൻ പ് എഴുതി എന്നതിനും മതിയായ തെളിവുകളില്ല. എന്തുകൊണ്ടാണ് അപ്പൊ സ്തലന് വ്യക്തിപരമായി കർത്താവിനോടുണ്ടായിരുന്ന ബന്ധത്തെ പരാമർശി ക്കാതിരുന്നത് എന്നു നമുക്ക് അറിയില്ല. എങ്ങനെയായാലും, "ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക്" അവൻ സാക്ഷി ആയിരുന്നു എന്നും പറയുന്നില്ല (5:1; 2:22, 23 നോക്കുക). അതു മതി. നമുക്ക് ലഭ്യമായ തെളിവുകളനുസരിച്ച് ലേഖനം എഴുതിയത് പത്രൊസ് തന്നെയോ എന്നു സംശയിക്കുവാൻ കാരണങ്ങൾ ഒന്നുമില്ല.[6]

## ഗുണഭോക്താക്കൾ എവിടെയാണ് താമസിച്ചിരുന്നത്

പത്രൊസിനെ കുറിച്ച് പൗലൊസ് ഗലാത്യ ലേഖനത്തിലും 1 കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിലും പറയുന്നതൊഴിച്ചാൽ, പുതിയ നിയമത്തിൽ അവ സാനമായി പത്രൊസിനെ കുറിച്ച് പറയുന്നത് പ്രവൃത്തികൾ 15 ലാണ്.[7] ഏക ദേശം എ. ഡി. 50-ൽ നടന്ന യെരുശലേം-സമ്മേളനത്തിൽ അപ്പൊസ്തലൻ സംസാരിച്ചിരുന്നു. അവനെ കുറിച്ച് അതിനു ശേഷം നാം പ്രവൃത്തികളുടെ പുസ്തകത്തിൽ വായിക്കുന്നില്ല, എ. ഡി. 50 നും 67 നും ഇടക്ക് അവൻ മരി ച്ചതായും പറയപ്പെടുന്നു? പത്രൊസിനെ കുറിച്ച് പൗലൊസ് കൊരിന്ത്യർക്കെ ഴുതിയ ഒന്നാം ലേഖനത്തിൽ, വ്യസനിപ്പിക്കുന്ന രീതിയിൽ പറഞ്ഞിട്ടുണ്ട്. കൊരിന്ത്യയിൽ പക്ഷം പിടിച്ചിരുന്നവരിൽ ഒരു കൂട്ടം ആളുകൾ "കേഫാവിന്റെ പക്ഷക്കാർ" എന്ന് അറിയപ്പെടുവാൻ തുടങ്ങിയിരുന്നു (1 കൊ. 1:12). പത്രൊസ് കൊരിന്തിൽ ഉണ്ടായിരുന്നോ? പൗലൊസ് അത് പറയുന്നില്ല. യെരുശലേമിൽ

നിന്നോ അല്ലെങ്കിൽ മറ്റു സ്ഥലങ്ങളിൽ നിന്നോ വന്നുപാർത്തവരായിരിക്കാം കേഫാവിന്റെ പക്ഷക്കാർ എന്നു പറഞ്ഞത്. "ക്രിസ്തുവിന്റെ പക്ഷക്കാർ" എന്ന പേരിൽ അറിയപ്പെട്ട ഒരു കൂട്ടവും കൊരിന്തിൽ ഉണ്ടായിരുന്നു. യേശു ജഡികമായി ആ പട്ടണത്തിൽ ചെന്നിരുന്നില്ല. പത്രൊസ് കൊരിന്ത്യയിൽ വ്യക്തിപരമായി ചെന്നിരുന്നു എന്നത് തീർച്ചയില്ല. പൗലൊസിന്റെ പ്രസ്താവനയനുസരിച്ച് പത്രൊസ് പാലസ്തീനു പുറത്തും പ്രവർത്തിച്ചിരുന്നതായി കണക്കാക്കാം. പത്രൊസും പൗലൊസിനെ പോലെ യാത്ര ചെയ്ത് മിഷ്ണറി പ്രവർത്തനം നടത്തിയിരുന്നു എന്ന് ഒന്നു കൊരിന്ത്യർ 9:5 തെളിയിക്കുന്നു.

ആസ്യാ ഭൂഖണ്ഡത്തിൽ പത്രൊസ് സമയം ചെലവിട്ടിരുന്നു എന്നു നമുക്ക് ധൈര്യത്തോടെ പറയാം. ഇന്നത്തെ ആധുനിക തുർക്കിയിൽ പെട്ട നാല് റോമൻ പ്രവിശ്യകളെ അവൻ തന്റെ ലേഖനത്തിൽ സംബോധന ചെയ്തിരിക്കുന്നു. പൊന്തൊസും ബിഥുന്യയും വേറിട്ട സ്ഥലങ്ങളായിട്ടാണ് 1 പത്രൊസ് 1:1-ൽ പറഞ്ഞിരിക്കുന്നതെങ്കിലും, ബി. സി. ഒന്നാം-നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഒരു റോമൻ പ്രവിശ്യയായിട്ടായിരുന്നു അറിയപ്പെട്ടിരുന്നത്. ആ പ്രദേശങ്ങളിൽ ചിതറിപ്പാർക്കുന്നവർക്ക് ലേഖനം എഴുതുവാൻ കാരണം, അവന് അവരെ ആദ്യം-തന്നെ പരിചയമുണ്ടായിരുന്നു. ഒരുപക്ഷെ, പൗലൊസ് മിഷ്ണറി യാത്ര നടത്തിയ സമയത്തു തന്നെ പത്രൊസും മിഷ്ണറിയാത്ര നടത്തിയിരിക്കാം. പത്രൊസും സഹപ്രവർത്തകരും ആസ്യാ ഭൂഖണ്ഡത്തിൽ അങ്ങിങ്ങായി, സഭകൾ ആരംഭിച്ചിരുന്നു എങ്കിൽ, അവൻ "ചിതറി പാർക്കുന്ന പൊന്തൊസ്, ഗലാത്യാ, കുപ്പദൊക്യാ, ആസ്യ, ബിഥുന്യാ" എന്നീ പ്രദേശങ്ങളെ സംബോധന ചെയ്ത് എഴുതുന്നതിൽ പ്രസക്തിയുണ്ട് (1:1).

ലിസ്റ്റിൽ പറഞ്ഞ പ്രവിശ്യകളുടെ ക്രമം പ്രാധാന്യമർഹിക്കുന്നതായിരിക്കാം. കരിങ്കടൽ തീരത്തുള്ള പൊന്തൊസിന്റെ വടക്കുഭാഗത്തായി സ്ഥിതി ചെയ്തിരുന്ന ഗ്രീക്ക് പട്ടണമായിരുന്ന സിനോപിലേക്ക് കപ്പൽ കയറി സില്വാനോസോ/ശിലാസോ അല്ലെങ്കിൽ മറ്റു ക്രിസ്തീയ സന്ദേശവാഹകരോ പോയിരിക്കാം (5:12). അവൻ തെക്കോട്ട് സഞ്ചരിച്ച് ഗലാത്യ ദേശത്തേക്കും, അവിടെ നിന്നു തെക്കുള്ള കുപ്പദൊക്യയിലേക്കും, പിന്നെ നേരെ പടിഞ്ഞാറോട്ട് സഞ്ചരിച്ച് ആസ്യയിലേക്കും, അവിടെ നിന്നു വടക്കോട്ട് നീങ്ങി ബിഥുന്യയിലേക്കും അവിടെനിന്നു ആ പ്രദേശത്തെ മറ്റു ഭാഗങ്ങളിലേക്ക് കപ്പൽ കയറി പോയിരിക്കാം. (*1 പത്രൊസിന്റെ ലേഖനം ആസ്യാഭൂഖണ്ഡത്തിൽ വിതരണം ചെയ്ത* ഭൂപടം നോക്കുക). സന്ദേശവാഹകൻ എവിടെയെല്ലാം പോയോ അവിടെയെല്ലാം പത്രൊസിന്റെ വാക്കുകൾ വായിച്ചു കേൾപ്പിക്കുവാൻ വിശ്വാസികൾ ഉണ്ടായിരുന്നു. പ്രാരംഭത്തിൽ തന്നെ ആസ്യാ ഭൂഖണ്ഡത്തിൽ ചിതറിപ്പാർക്കുന്ന ഒരുകൂട്ടം ക്രിസ്ത്യാനികൾ അവിടവിടെയായി ഉണ്ടായിരുന്നു.

പത്രൊസ് സംബോധന ചെയ്ത പ്രദേശങ്ങൾ ഭൂമിശാസ്ത്രപരമായി വളരെ വ്യാപിച്ചു കിടക്കുന്ന പ്രദേശങ്ങളായിരുന്നു. അവിടങ്ങളിലെ ആളുകൾ വിവിധ സാമൂഹിക, വർഗീയ, ഭാഷാ സംസ്ക്കാരങ്ങളിൽനിന്നു വന്നവരായിരുന്നു. റോമാശക്തി വ്യാപിപ്പിക്കുന്നതിൽ, പാശ്ചാത്യ പ്രദേശങ്ങൾ, ആസ്യയും ബിഥുന്യയും റോമിന്റെ അധീനതയിലാക്കുകയും അത് ക്രിസ്ത്യാനിത്വത്തിന്റെ അഭിവൃദ്ധിക്ക് കാരണമാകുകയും ചെയ്തു. ആ കീഴടക്കലിൽ പൊന്തൊസും ഗലാത്യയും, കുപ്പദൊക്യ എന്നീ പ്രദേശങ്ങളും സാമ്രാജ്യത്തോട് കൂട്ടിച്ചേർത്തു.

ബി. സി., 133-ൽ ആസ്യ കൂട്ടിച്ചേർത്ത ശേഷം, ആ പ്രദേശം റോമാക്കാരുടെ നികുതി ശേഖരത്താൽ കൊള്ളയടിക്കപ്പെട്ടിരുന്നു. റോമാക്കാരോട് എതിർക്കുവാൻ അവസരം ലഭിച്ച ആ പ്രദേശത്തെ ആളുകൾ അതിനെ മുതലെടുത്തിരുന്നു. ബി. സി., 88 നുശേഷം, പൊന്തൊസിലെ രാജാവായിരുന്ന മിത്രിഡേറ്റ്സ് VI, രണ്ട് ദശാബ്ദക്കാലം, ആ പ്രദേശത്ത് കലഹം ഉണ്ടാക്കി യുദ്ധഭീതിയിലാഴ്ത്തിയിരുന്നു. റോമിനെതിരായി ആക്രമിക്കുവാൻ ആസ്യയിലെ പട്ടണങ്ങളെല്ലാം പൊന്തിയൊസ് രാജാവിന് അനുകൂലമായി ചീട്ടിട്ടു. ബിസി. 60 കളിൽ റോമൻ സെനറ്റ് മിത്രിയേറ്റ്സിനെ നിർണ്ണായകമായി കൈകാര്യം ചെയ്യുവാൻ തീരുമാനിച്ചു. റോമൻ ജെനെറൽ പൊന്തൊസ് രാജാവിനെ ഓടിക്കുകയും, ജനത്തെ അടിച്ചമർത്തി ആസ്യയുടെ തെക്കെ തീരത്തേക്ക് നീങ്ങി പത്രൊസ് ലേഖനമെഴുതിയ സാഹചര്യത്തിലേതുപോലെയുള്ള പ്രദേശങ്ങളായി തീരുകയും ചെയ്തു. മിത്രിഡേറ്റ്സുമായി സഖ്യമുണ്ടാക്കിയ മറ്റു പട്ടണങ്ങളോടും റോം പരുഷമായി ഇടപെട്ടു. ബിസി., 75-ൽ ബിഥുന്യയിലെ അവസാനത്തെ രാജാവ് പ്രവിശ്യ സെനറ്റിനും റോമിലെ ആളുകൾക്കുമായി ഇഷ്ടദാനം കൊടുത്തു.

മിത്രിഡേറ്റ്സിനു ശേഷം ആസ്യാഭൂഖണ്ഡത്തിലെ ആളുകൾ സമാധാനം കാംക്ഷിച്ചു, എന്നാൽ അവർക്ക് ഒരു സ്വസ്ഥതയും ലഭിച്ചില്ല. ബിസി., 44-ൽ കൈസരുടെ മരണശേഷം റോമിൽ ആഭ്യന്തര ലഹള പൊട്ടിപ്പുറപ്പെട്ടു. യുദ്ധം കഴിഞ്ഞപ്പോൾ, ബി. സി., 27-ൽ അഗസ്തൊസ് ചക്രവർത്തിയായി. റോമിന്റെ യുദ്ധദേവത യാനസ് മന്ദിരത്തിന്റെ വാതിൽ അടെച്ചതും പകരം പാക്സ് റൊമാനാ (റോമിന്റെ സമാധാനം) സ്ഥാപിക്കുകയും ചെയ്തത് അവൻ ആയിരുന്നു. അധികരിച്ച ഗൗരവപരമായ നികുതി അഗസ്തൊസ് നിർത്തലാക്കുകയും ആസ്യയിലേയും ബിഥുന്യയിലേയും ഗവൺമെന്റ് സുസ്ഥിരമാക്കുകയും ചെയ്തു. ആസ്യാ നിവാസികൾ അഗസ്തൊസിനെ ഒരു ദേവനു തുല്യനായി കണ്ടു. അഗസ്തൊസിന്റെ വാഴ്ച്ചക്കും പത്രൊസ് എഴുതിയതിനും ഇടക്കുള്ള നൂറു-വർഷ-ക്കാലം ആസ്യക്ക് സമൃദ്ധിയുടെ കാലമായിരുന്നു. അത് സാമ്രാജ്യത്തിലെ ഒരു രത്നം തന്നെയായിരുന്നു.

ആസ്യയിലേയും ബിഥുന്യയിലേയും/പൊന്തൊസിലേയും റോമൻ നാടുവാഴികളെ നിയമിച്ചിരുന്നത് സെനറ്റ് ആയിരുന്നു. അവരെ ഇടപ്രഭുക്കന്മാർ എന്നാണ് വിളിച്ചിരുന്നത് കാരണം റോമിലെ പ്രധാന ഉദ്യോഗസ്ഥനുവേണ്ടിയായിരുന്നു അവർ പ്രവർത്തിച്ചിരുന്നത്. ഇടപ്രഭുക്കന്മാർക്ക് ഒരു വർഷമായിരുന്നു കാലയളവ്. അവരുടെ ഔദ്യോഗികകാലയളവിൽ ധനികരാകുവാൻ ആശിക്കുകയും ധനികരാകുകയും ചെയ്തിരുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് സെർഗ്ഗ്യോസ് പൗലൊസിനേയും (13:7) ഗല്ല്യോനേയും (18:12) കുറിച്ചാണ്. സമാധാനത്തിലായിരുന്ന പഴയ പ്രവിശ്യകളായ ആസ്യയും, ബിഥുന്യയും/പൊന്തൊസും അറിയപ്പെട്ടിരുന്നത് റോമൻ പ്രവിശ്യകൾ എന്നായിരുന്നു കാരണം ആ പ്രദേശങ്ങൾ റോമൻ സെനറ്റിന്റെ കീഴിലായിരുന്നു. ഗ്രീക്ക്-സംസാരിക്കുന്ന അസംഖ്യം പട്ടണങ്ങൾ ആ രണ്ടു പ്രവിശ്യകളിലും ഉണ്ടായിരുന്നു. ഒന്നാം-നൂറ്റാണ്ടിൽ ആസ്യയിലെ ഒരു ഇടപ്രഭു ആകുന്നതിനേക്കാൾ വലിയ സ്ഥാനം റോമൻ സെനറ്റിൽ ലഭിക്കുവാനില്ലായിരുന്നു എന്നു പറയാം.

ഗലാത്യയും കുപ്പദൊക്യയും കുറെ കാലത്തേക്ക് വാണിരുന്നത് റോമൻ കക്ഷി രാജാക്കന്മാരായിരുന്നു, ഉദാഹരണമായി മഹാനായിരുന്ന ഹെരോദാവ്

രാജാവിന് പാലസ്തീനിൽ കക്ഷിരാജാവ് ഉണ്ടായിരുന്നു. ബി. സി., 25–ൽ ഗലാത്യ ഒരു റോമൻ പ്രവിശ്യയായി സംഘടിപ്പിച്ചിരുന്നു. എ. ഡി. 17–ൽ അതേ വിധി കുപ്പദൊക്യക്കും ഉണ്ടായി. അങ്ങനെ ഗലാത്യയും കുപ്പദൊക്യയും രാജാവിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായി. അവർ ചക്രവർത്തിയുടെ അതിരിനടുത്തായിരുന്നതിനാൽ, റോമൻ സൈന്യം അടുത്തുതന്നെ തമ്പടിച്ചിരുന്നു. സൈന്യത്തിന്റെ രാജഭക്തി ചക്രവർത്തിയോടായിരുന്നു, അല്ലാതെ സെനറ്റിനോടായിരുന്നില്ല. ഗലാത്യ, കുപ്പദൊക്യ തുടങ്ങിയ പ്രവിശ്യകളെ ഭരിക്കുവാൻ ചക്രവർത്തി പ്രതിപുരുഷന്മാരെ വ്യക്തിപരമായി അയക്കുമായിരുന്നു. അവയെ ഇംപീരിയൽ പ്രോവിൻസെസ് എന്നാണ് അറിയപ്പെട്ടിരുന്നത്.

ബി. സി., രണ്ടാം നൂറ്റാണ്ടിൽ പ്രവിശ്യയുടെ വടക്കൻ ഭാഗത്ത് വസിച്ചിരുന്ന ഗൗൾസ് ഗോത്രങ്ങളിൽനിന്നു രൂപപ്പെട്ട പേരായിരുന്നു ഗലാത്യ. പ്രവിശ്യയുടെ തെക്കുഭാഗത്ത് സ്ഥിതി ചെയ്തിരുന്ന പട്ടണങ്ങളായിരുന്നു അന്ത്യോക്യയും ലുസ്ത്രയും, അവിടത്തെ ഗവൺമെന്റും ഭാഷയും ഗ്രീക്ക്–റോമാ ആണെന്ന് തെളിയിച്ചിരുന്നു. പ്രവിശ്യയുടെ കായൽ പ്രദേശമായിരുന്നു കുപ്പദൊക്യാ. പ്രവിശ്യയിൽ ഗ്രീക്ക്–റോമാ പട്ടണങ്ങൾ ഇല്ലായിരുന്നു. ഗോത്രങ്ങളായി സംഘടിക്കപ്പെട്ട ചെറിയ ഗ്രാമങ്ങളായിട്ടായിരുന്നു കുപ്പദൊക്യയിലെ മിക്ക ആളുകളും താമസിച്ചിരുന്നത്.

സാധാരണ, ഗവർണ്ണറായിരുന്നാലും ഇടപ്രഭു ആയിരുന്നാലും സാമ്രാജ്യത്തിലെ സാധാരണ ജനങ്ങളുടെ ദൈന–ന്തി–ന കാര്യങ്ങളിൽ അവർക്ക് വലിയ പങ്ക് ഒന്നുമില്ലായിരുന്നു. പട്ടണങ്ങൾക്ക് തനതായ പൊതു കെട്ടിടങ്ങൾ ഉണ്ടായിരുന്നു, മനുഷ്യ പൊലിസും, പൊതു പ്രവർത്തനങ്ങൾക്ക് റോമിനു നികുതിയും കൊടുത്തു വന്നിരുന്നു. അവരെ മേൽനോട്ടം വഹിച്ചിരുന്നത് വിവിധ കമ്മറ്റികളായിരുന്നു, പൊതുപ്രവർത്തനങ്ങളെ ഒരു കമ്മറ്റിയും വ്യവസായത്തെ മറ്റൊരു കമ്മറ്റിയുമായിരുന്നു നോക്കിയിരുന്നത്, അങ്ങനെ മറ്റുള്ളവയും. സമാധാനമായി നികുതി എല്ലാം കൊടുക്കുന്നേടത്തോളം റോം പട്ടണങ്ങളുടെ കാര്യങ്ങളിൽ ഇടപെട്ടിരുന്നില്ല. സാമ്രാജ്യത്തിന്റെ അതിരിനുള്ളിലെ സമ്പൽ സമൃദ്ധമായ പ്രദേശങ്ങളായ ആസ്യ, ബിഥുന്യ/പൊന്തൊസ് എന്നീ പ്രദേശങ്ങളിൽ സൈന്യമോ പടയാളികളോ നിന്നിരുന്നില്ല. റോമൻ ആവശ്യങ്ങളോട് എതിർപ്പു പ്രകടിപ്പിക്കാതെ സമ്മതിക്കത്തക്ക ശക്തി റോമിന് ഉണ്ടായിരുന്നു. ബഹു–ശ്രേണിയിലുള്ള ഗവൺമെന്റ് വ്യവസ്ഥയുടെ പോരായ്മക്കെതിരായി പത്രൊസ് 2:13–17 ൽ പറഞ്ഞിരിക്കുന്നു. ചില ഗവൺമെന്റ് ഉദ്യോഗസ്ഥർ റോമാക്കാരും മറ്റുള്ളവർ പ്രദേശ വാസികളുമായിരുന്നു.

ആചാരങ്ങളും, മതങ്ങളും, പ്രവിശ്യയുടെ സാമ്പത്തികസ്ഥിതിയും 1 പത്രൊസിന്റെ പ്രാരംഭ വാക്യങ്ങളിൽ വിവിധ രീതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. പട്ടണങ്ങളിൽ ചില ഭാഗങ്ങളിൽ ഗ്രീക്ക് സംസ്ക്കാരം ആയിരുന്നു. പൊന്തൊസിന്റേയും ബിഥുന്യയുടേയും തീരങ്ങളിലും ആസ്യയിലും അസംഖ്യം സമ്പൽ സമൃദ്ധമായ പട്ടങ്ങളുണ്ടായിരുന്നു. ഗലാത്യയിലും കുപ്പദൊക്യയിലും പട്ടണങ്ങൾ കുറവായിരുന്നു. പൗലൊസിനെ പോലെ പത്രൊസും, ക്രിസ്തുവിനെ പ്രസംഗിച്ചത് ആദ്യം പട്ടണങ്ങളിലായിരുന്നു. വ്യാപാര മാർഗങ്ങളുള്ള പട്ടണങ്ങളിൽ പള്ളികൾ സ്ഥിതിചെയ്തിരുന്നതിനാൽ, അവിടെയായിരുന്നു പ്രാരംഭത്തിൽ സുവിശേഷം കൈക്കൊണ്ടത്. പള്ളികളിൽനിന്നായിരുന്നു ആളുകൾ പരിവർത്തനം ചെയ്തിരുന്നതെങ്കിൽ, അവരെ തുടർന്നു ജാതികളും ഭക്തിയുള്ള വിശ്വാസികളായി തീർന്നു, അവർ ചിലപ്പോൾ യെഹൂദന്മാരുടെ

വഴികളിൽ പ്രിയം തോന്നി ക്രിസ്തീയ ഉപദേഷ്ടാക്കൾക്ക് മുൻപ് അവർ പള്ളികളിൽ ഇടക്കിടക്ക് എത്തുമായിരുന്നു. തന്റെ വായനക്കാരിൽ ചിലരെങ്കിലും അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന പശ്ചാത്തലമുള്ളവരായിരുന്നു എന്ന് പത്രൊസിന്റെ വാക്കുകൾ തെളിയിക്കുന്നു (1:14, 18).

പത്രൊസിന്റെ വായനക്കാർ താമസിച്ചിരുന്ന സ്ഥലത്തുള്ള ആളുകളിലധികവും ബഹുദേവന്മാരെ വണങ്ങി വന്നവരായിരുന്നു. അവയിൽ ചിലത് ഗ്രീക്കുകാരുടെ പാരമ്പര്യ ദേവന്മാരായിരുന്ന പാന്തയോൺ ആയിരുന്നു, എന്നാൽ മറ്റുള്ളവ മാ, മെൻ, അല്ലെങ്കിൽ സിബെലെ എന്നീ അസാധാരണ പേരുകളാലാണ് അറിയപ്പെട്ടിരുന്നത്. ഒരിക്കൽ മതപരമായ പരിശീലനങ്ങൾ മങ്ങി ഇന്ദ്രജാലവും അന്ധവിശ്വാസവുമായി മാറി. പത്രൊസ് സംബോധന ചെയ്ത പ്രദേശത്തെ ആളുകളിൽ പുരാതനകാലത്ത് അന്ധവിശ്വാസം നിറഞ്ഞിരുന്നതായി തെളിവുകൾ സമ്മതിക്കുന്നു. വിശുദ്ധ നീരുറവകളും, വിശുദ്ധ വൃക്ഷാവലികളും, ഭൂതങ്ങളുടേയും ആത്മാക്കളുടേയും പേരിൽ അറിയപ്പെടുന്ന സ്ഥലങ്ങളും അങ്ങിങ്ങായി രൂപപ്പെട്ടിരുന്നു. ചില പ്രത്യേക സ്ഥലങ്ങളിൽ രോഗികളായ ആളുകൾ പോയാൽ അവർ ചാകും എന്നു വിശ്വസിച്ചിരുന്നു. മറ്റു സ്ഥലങ്ങളിൽ ഒരു വ്യക്തി തന്റെ ശത്രുവിന്റെ പേരിൽ ശാപം സ്ലേറ്റിൽ എഴുതി മണ്ണിൽ കുഴിച്ചിടും, പിന്നീട് അമാനുഷ ആത്മാക്കൾ തന്റെ അഭിലാഷം നിറവേറ്റും എന്നാണ് വിശ്വസിച്ചിരുന്നത്. പൗലൊസിന്റെ പ്രസംഗം കേട്ട് യഥാർത്ഥത്തിൽ മാനസാന്തരപ്പെട്ട എഫെസൊസിലുള്ളവർ തങ്ങളുടെ മന്ത്രവാദ പുസ്തകങ്ങൾ എല്ലാവരും കാണത്തക്കവണ്ണം കത്തിച്ചുകളഞ്ഞിരുന്നു (പ്രവൃ. 19:19).

ആസ്യാഭൂഖണ്ഡത്തിൽ മുഴുവൻ സാമൂഹ്യജീവിതത്തിൽ ഇടകലർന്നു കിടക്കുന്ന ഒന്നായിരുന്നു ബഹുദൈവങ്ങളെ ആരാധിക്കുന്നത്. യാഗങ്ങളും, ഉൽസവങ്ങളും, ദേവന്മാർക്ക് നേരുന്ന ഗെയിംസും ഒഴിവാക്കുന്നത് പരസ്യമായ ഇടർച്ചയായിരുന്നു. മദിരോൽസവങ്ങളിലും, യാഗോൽസവങ്ങളിലും ക്രിസ്ത്യാനികൾ പങ്കെടുക്കാതിരുന്നപ്പോൾ, അവർ പോരാട്ടത്തിലായി. അവരുടെ കാർഷികോൽപന്നങ്ങൾ പരസ്യമായി ചന്തസ്ഥലത്ത് കൊണ്ടുപോയി വിൽക്കുവാനോ അല്ലെങ്കിൽ, ചെറിയ മൺപാത്ര കച്ചവടം പോലും നടത്തുന്നതിനു ക്രിസ്ത്യാനികൾക്ക് ബുദ്ധിമുട്ടായിരുന്നു.

ക്രിസ്ത്യാനിത്വം ലോകത്തിനു പുതിയതും അസാധാരാണവുമായിരുന്നു എന്നു പത്രൊസിനു അറിയാമായിരുന്നു. അവർ എന്തിനെങ്കിലും പരിശ്രമിക്കുമ്പോൾ, പൊതുജനങ്ങളുടെ കണ്ണിൽ പെടാതെ സൂക്ഷിക്കുക എന്നത് വിശ്വാസികൾക്ക് പ്രയാസമായിരുന്നു. ആ പ്രദേശത്ത് വിശദീകരിക്കുവാൻ സാധ്യമല്ലാത്ത മോഷണമോ, മരണമോ സംഭവിച്ചാൽ, അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ അതിന്റെ കുറ്റം പുതിയ മതത്തിൽ ചുമത്തുമായിരുന്നു. അതിന്റെ കാരണം ക്രിസ്ത്യാനികളാണെന്ന് അവർ തീർപ്പിലെത്തും. ഒരു ഭൂകമ്പമോ ക്ഷാമമോ നേരിട്ടാൽ, ക്രിസ്ത്യാനികൾ അവരുടെ ദേവന്മാർക്ക് ചെയ്യേണ്ടതു ചെയ്യാതിരുന്നതുകൊണ്ടാണെന്ന കുറ്റം ക്രിസ്ത്യാനികളിൽ ചുമത്തും. 1 പത്രൊസിന്റെ മുഖ്യ വിഷയം ക്രിസ്ത്യാനികളുടെ കഷ്ടതയാണ്, ലോകത്തിൽ വിശ്വാസികളുടെ ജീവശ്വാസത്തിനു പോലും ഭീഷണി നേരിട്ട പശ്ചാത്തലമായിരുന്നു.

## എഴുതിയ കാലവും തീയതിയും

പത്രൊസ് ലേഖനം എഴുതിയപ്പോൾ എവിടെയായിരുന്നു എന്ന ചെറിയ

സൂചന മാത്രമാണ് 5:13-ൽ നൽകുന്നത്, അവിടെ അവൻ പറയുന്നു, "ബാബിലോനിലെ ... സഭയും നിങ്ങളെ വന്ദനം ചെയ്യുന്നു." പത്രൊസ് ബാബിലോനിലായിരുന്നു എന്ന് ആ പ്രസ്താവനയിൽനിന്നു സ്വാഭാവികമായി മനസിലാക്കാം. ആ പ്രദേശത്ത് പത്രൊസിനോടുകൂടെയുണ്ടായിരുന്നവർ വന്ദനം അറിയിക്കുന്നതായിട്ടാണ് പത്രൊസ് പറഞ്ഞതിനർത്ഥം (5:13 ന്റെ പരാമർശം നോക്കുക). ബി. സി., 587-ൽ യെരുശലേമിനെ നശിപ്പിക്കുകയും യെഹൂദന്മാരെ പ്രവാസികളായി കൊണ്ടുപോകയും ചെയ്ത യൂഫ്രെത്തൊസ് നദിക്കരികിലുണ്ടായിരുന്ന സാമ്രാജ്യമായിരുന്നു സുപ്രസിദ്ധ ബാബിലോൺ. "ബാബിലോൺ" എന്ന് കേൾക്കുമ്പോൾ ആദ്യമായി പ്രസിദ്ധ പട്ടണമായ ബാബിലോണിനെയാണ് നാം ഓർക്കുക. എങ്ങനെയായാലും, നാം ആ പേർ അക്ഷരികമായി എടുക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കും.

ഒന്നാമത്, പ്രാരംഭസഭയുടെ പാരമ്പര്യം പറയുന്നത് പത്രൊസിനോടുകൂടെയുണ്ടായിരുന്നവർ പ്രവർത്തിച്ചിരുന്നത് റോമാ സാമ്രാജ്യത്തിന്റെ പടിഞ്ഞാറുഭാഗത്തായിരുന്നു അല്ലാതെ കിഴക്കുഭാഗത്തായിരുന്നില്ല. ബാബിലോൺ കിഴക്ക് ദൂരെയായിരുന്നു. അതിനുപുറമെ, പുരാതന ലോകത്തെ തെളിവുകൾ വിരളമായതിനാൽ, പത്രൊസ് ലേഖനം എഴുതിയപ്പോൾ, ബാബിലോൺ ഒരു ചെറിയ ഗ്രാമമായിരുന്നു എന്നു തോന്നുന്നു.[8] റോമിന്റെ വീഴ്ച്ചയെ കുറിച്ച് അപ്പൊസ്തലനായിരുന്ന യോഹന്നാൻ വെളിപ്പാട് 18:2-ൽ പറയുമ്പോൾ ബാബിലോൺ എന്നാണ് പറഞ്ഞിരിക്കുന്നത്. 1 പത്രൊസിൽ പറഞ്ഞിരിക്കുന്ന ബാബിലോൺ അക്ഷരികമായി എടുക്കണോ എന്ന കാര്യം തീർച്ചയില്ല. പഴയ നിയമം അറിയാവുന്ന ക്രിസ്ത്യാനികൾക്ക് ബാബിലോൺ ശത്രുതയുടേയും, ദൈവമില്ലായ്മയുടേയും, ഭോഗേഛയുടേയും, എതിർപ്പിന്റേയും പ്രതീകമായിരുന്നു.[9] വെളിപ്പാടിൽ യോഹന്നാനെ പോലെ പത്രൊസ് ബാബിലോണിനെ കണ്ടത് റോമിനെ പോലെ ധാർമ്മികമായും ആത്മികമായും തുല്യമായിട്ടായിരുന്നു. ഇന്ന് ആളുകൾ ബിഗ് ആപ്പിളും ന്യുയോർക്കും തിരിച്ചറിയുന്നതു പോലെ പത്രൊസിന്റെ വായനക്കാർ റോമിനേയും ബാബിലോണിനേയും തിരിച്ചറിഞ്ഞിരുന്നു.

കാലം കടന്നു പോയപ്പോൾ നവോത്ഥാന കാലയളവിൽ റോമൻ കത്തോലിക്കരുടെ അവകാശമായ ആദ്യ പോപ്പ് പത്രൊസ് ആയിരുന്നു എന്നതിനോട് വാദിച്ച് പത്രൊസ് റോമിൽ പോലും പോയിരുന്നില്ല എന്നു പറയുന്നു. നവോത്ഥാന കാലയളവിൽ, ചിലർ 1 പത്രൊസ് 5:13 ലെ "ബാബിലോൺ" അക്ഷരികമായി എടുക്കുകയും, പത്രൊസ് തന്റെ ലേഖനം ഒന്നാം-നൂറ്റാണ്ടിലെ പൂർവ്വദേശത്തുനിന്നും എഴുതി എന്നു പറയുന്നു. ആ ചിന്താഗതി ആധുനികകാലം വരെ തുടർന്നിരുന്നു. എങ്ങനെയായാലും തെളിവുകൾ അതിന് എതിരാണ്. മറ്റു കാര്യങ്ങളോടൊപ്പം മർക്കൊസും ശിലാസും (5:12, 13) ആയിരുന്നു പാശ്ചാത്യ സഭയുമായി ബന്ധപ്പെട്ടിരുന്നത് എന്നു കാണാം. ആദ്യത്തെ നാല് നൂറ്റാണ്ട് വരെയുള്ള എഴുത്തുകാരുടെ പൊതുവായ സാക്ഷ്യം പറയുന്നത് അപ്പൊസ്തലനായിരുന്ന പത്രൊസ് റോമിൽ വെച്ചായിരുന്നു മരിച്ചത് എന്നാണ്.

നീറോ ചക്രവർത്തിയായിരുന്ന സമയത്താണ് പൗലൊസും പത്രൊസും രക്തസാക്ഷിത്വം വഹിച്ചത് എന്നായിരുന്നു സഭാ ചരിത്രകാരനായിരുന്ന യുസേബിയസ് മനസിലാക്കിയത്. ഏ. ഡി. 68 ലായിരുന്നു നീറോ ആത്മഹത്യ ചെയ്തത്. പത്രൊസ് എത്ര കാലം റോമിലുണ്ടായിരുന്നു എന്ന് അറിയുക പ്രയാസ

മാണെങ്കിലും, ആസ്യയിലുള്ള ക്രിസ്ത്യാനികളുടെ കഷ്ടതയെ കുറിച്ചുള്ള വിവരം ലഭിക്കുവാൻ കുറെ കാലം അവിടെ താമസിച്ചിരിക്കണം. ക്രമേണ കാലം കടന്നുപോയപ്പോൾ, അവന്റെ വായനക്കാർ ക്രിസ്ത്യാനികളായി തീരുകയും, ഉപദ്രവം ആരംഭിക്കുകയും ചെയ്തു. ഉപദ്രവം ആരംഭിച്ചത് റോമിൽനിന്നായിരുന്നു എന്നതിനു തെളിവ് ഒന്നുമില്ല; ആരംഭഘട്ടത്തിൽ സാമ്രാജ്യം മുഴുവൻ ഉപദ്രവം വ്യാപിച്ചിരുന്നുമില്ല. എങ്ങനെയായാലും, ക്രിസ്ത്യാനികളുടെ പുതിയ മതത്തോടുള്ള അസഹിഷ്ണുത അവർക്ക് സമുദായഭ്രഷ്ടും സാമ്പത്തികഞെരുക്കവും വരുത്തി. അവസാനം, പത്രൊസ് സംബോധന ചെയ്ത സഭ മൂപ്പന്മാരെ തിരഞ്ഞെടുക്കുവാന്തക്കവണ്ണം പക്വതയിലെത്തുവാൻ കുറച്ചു സമയം എടുത്തു (5:1 നോക്കുക). തീയതിയെ സംബന്ധിച്ച് നമുക്ക് തീർച്ചയില്ലെങ്കിലും, എ. ഡി. 65 നോട് അടുപ്പിച്ചാണെന്നു പറയുന്നത് നല്ല ഊഹമായിരിക്കും.

## ലേഖനത്തിന്റെ ഘടന

സംബോധന തുടങ്ങിയ ശേഷം (1:1, 2), പത്രൊസ് തന്റെ മനസും സദസ്യരുടെ മനസും ഏതൊരു വിഷമഘട്ടത്തിലും, വാഗ്ദാനവും, പ്രത്യാശയും, വീണ്ടെടുപ്പും നിലനിർത്തുവാനായി ബന്ധിപ്പിക്കുകയാണ് ചെയ്യുന്നത്. അവസാന സമയത്ത് പ്രത്യാശ തിരിച്ചറിയുവാനായി വായനക്കാരെ പ്രയോഗങ്ങളിൽ കൂടെ കൊണ്ടുപോകുകയാണ്: "ജീവനുള്ള പ്രത്യാശക്കായി വീണ്ടും ജനിച്ചിരിക്കുന്നു" (1:3), "അക്ഷയമായ അവകാശം" (1:4), "അന്ത്യകാലത്ത് വെളിപ്പെടുവാനിരിക്കുന്ന" (1:5), "നിങ്ങളുടെ ആത്മാക്കളുടെ രക്ഷ" (1:9), "ഈ രക്ഷ" (1:10), "യേശുക്രിസ്തുവിന്റെ വെളിപ്പാട്" (1:13), "ഭൂമിയിലെ നിങ്ങളുടെ വാസം" (1:17), "നശിച്ചുപോകുന്ന വസ്തുക്കളെ കൊണ്ടല്ല നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത്" (1:18), "ഈ അന്ത്യകാലത്ത്" (1:20), "നിങ്ങളുടെ വിശ്വാസവും പ്രത്യാശയും ദൈവത്തിൽ ആണ്" (1:21).

ഈ ലേഖനത്തിന്റെ മുഖ്യമായ ആദ്യഭാഗം 1:3–2:10 ആണ്. ക്രിസ്തുവിനെ സ്വീകരിച്ചിരിക്കുന്ന ആളുകൾ എന്നു പറഞ്ഞാൽ എന്താണെന്ന് തന്റെ വായനക്കാർ മനസിലാക്കുവാൻ പത്രൊസ് ആഗ്രഹിച്ചു. അവർ ക്രിസ്തുവിനെ അറിയുന്നതിനു മുൻപ് അജ്ഞതയിലും ജഡത്തിന്റെ മനോവികാരത്തിലും ആയിരുന്നു കഴിഞ്ഞത് (1:14). ക്രിസ്തുവിൽ അവർ ദൈവത്തിന്റെ സ്വന്ത ജനവും തിരഞ്ഞെടുക്കപ്പെട്ട ജാതിയുമായി (1:1, 2; 2:9, 10). അവർ വീണ്ടും ജനിച്ചതിനാൽ, അവരുടെ ജീവിതത്തിന് ദൗത്യവും, ഉദ്ദേശവും, അന്ത്യവും ഉണ്ട്. കർത്താവിനോടുള്ള ഐകമത്യത്തിലാകുവാൻ അവരുടെ മുമ്പിലത്തെ അവിശ്വാസമുള്ള നടപ്പിൽനിന്നു വീണ്ടെടുത്തു.

കർത്താവ് മടങ്ങി വരുമ്പോൾ പ്രത്യാശയുണ്ടാകുവാൻ തന്റെ വായനക്കാരെ പത്രൊസ് പ്രബോധിപ്പിച്ച ശേഷം, ക്രിസ്തീയ ജീവിതം കൂടുതൽ തികവുള്ളതാക്കുവാൻ ഉത്തേജിപ്പിച്ചിരിക്കുകയാണ്. 2:11–4:11 എന്ന ലേഖനത്തിന്റെ ഭാഗം, യാക്കൊബിന്റെ ലേഖനത്തിലേതുപോലെ ആജ്ഞകൾ നിറഞ്ഞിരിക്കുകയാണ്: "നിങ്ങളുടെ നടപ്പ് നന്നാക്കുവിൻ" (2:12); "കർത്താവിൻ നിമിത്തം കീഴ്പ്പെടുവിൻ" (2:13); "സ്വതന്ത്രരായി നടപ്പിൻ" (2:16); "എല്ലാവരേയും ബഹുമാനിപ്പിൻ" (2:17); തുടങ്ങിയവയാണ്. കർത്താവിന്റെ മടങ്ങി വരവ് ഈ ഭാഗത്ത് മറന്നുപോയിട്ടില്ല (2:12; 4:7). ക്രിസ്തുവിന്റെ മടങ്ങി വരവ് എന്ന അടിസ്ഥാനത്തിന്മേലായിരുന്നു പത്രൊസിന്റെ പ്രബോധനങ്ങൾ. അതുപോലെ

പത്രൊസ് തന്റെ വായനക്കാർ അനുഭവിച്ച കഷ്ടതകളെ മറന്നുമില്ല (3:13, 14). വിശ്വസ്തതക്ക് വേണ്ടിയുള്ള പുതുക്കലിനായുള്ളതായിരുന്നു കഷ്ടത (3:15).

ലേഖനത്തിന്റെ അവസാനഭാഗമായ 4:12–5:11 ൽ പത്രൊസ് ആരംഭത്തിൽ 1:3–2:10 ൽ തുടങ്ങിയ വിഷയങ്ങളിലേക്ക് മടങ്ങി വരികയാണ്. കഷ്ടത നമ്മെ തീവ്രമായ പുതുക്കലിലേക്ക് നയിക്കുന്നു. 4:11 അവസാനിപ്പിക്കുന്നത് ഒരു ദൈവസ്തുതിയോടെ ആകയാൽ, പ്രത്യേകിച്ച് ഒരു രേഖയുടെ അവസാനം അത് കാണുകയാലും, 4:12–5:11 ലെ ഭാഷ അതിയായ കഷ്ടത സൂചിപ്പിക്കുന്നതിനാലും, പത്രൊസ് തന്റെ 1 പത്രൊസിന്റെ ലേഖനം 4:11 ൽ അവസാനിപ്പിക്കുവാൻ ആഗ്രഹിച്ചു എന്നാണ് ചിലർ പറയുന്നത്. 1 പത്രൊസിന്റെ ലേഖനത്തിന് രണ്ട് വെർഷൻസ് ഉണ്ടായിരുന്നു എന്നാണ് ചില പണ്ഡിതന്മാർ വിലയിരുത്തിയത്. ആദ്യ വെർഷൻ എഴുതിയത് മിതമായി ഉപദ്രവം നേരിട്ട ക്രിസ്ത്യാനികൾക്കാണ്. ആ വിശ്വാസികൾക്കാണ് 1 പത്രൊസ് 1:1–4:11 ലഭിച്ചത്. കഠിനമായ ഉപദ്രവം ലഭിച്ച ക്രിസ്ത്യാനികൾക്കായിരുന്നു രണ്ടാമത്തെ വെർഷൻ ലഭിച്ചത്. അവർക്കാണ് 1 പത്രൊസ് 1:1, 2 ഉം 1 പതൊസ് 4:12–5:14 ഉം ലഭിച്ചത്.[10] താൻ ലേഖനം എഴുതി മാറ്റിവെച്ചപ്പോൾ, തന്റെ വായനക്കാർ നേരിട്ട ഭയങ്കരമായ ഉപദ്രവത്തെ കുറിച്ചു കേൾക്കുകയും വീണ്ടും എഴുത്തിലേക്ക് മടങ്ങി വരികയും 4:12–5:11 എഴുത്തിനു ശേഷം കൂട്ടിച്ചേർക്കുകയുമായിരുന്നു എന്ന അഭിപ്രായവും പറഞ്ഞു കേൾക്കുന്നു.[11] രണ്ട് അഭിപ്രായങ്ങളും വിലയുള്ളതാണെങ്കിലും, പത്രൊസ് എഴുതിയ പശ്ചാത്തലം നമുക്ക് അറിയാത്തതുകൊണ്ട് ഉറച്ച ഒരു തീർപ്പിൽ എത്തുവാൻ നമുക്ക് സാധ്യമല്ല. ലേഖനത്തിന്റെ ആരംഭത്തിൽ സ്പഷ്ടമല്ലാത്ത രീതിയിൽ വായനക്കാർ തീവ്രമായ കഷ്ടത അനുഭവിക്കുന്നതായി 4:12–5:11 പറയുന്നു എന്നത് വാസ്തവമാണ്.

ഒരു ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടിവന്നാൽ ലജ്ജിക്കരുത് എന്നാണ് പത്രൊസ് പറഞ്ഞത് (4:16). പുതിയനിയമത്തിൽ “ക്രിസ്ത്യാനി” എന്ന വാക്ക് മൂന്നു സന്ദർഭങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതിൽ ഒന്നാണ് ഇത് (പ്രവൃ. 11:26; 26:28 നോക്കുക). അത്തരം ബാഹ്യമായ സമ്മർദ്ദത്തോട് ക്രിസ്ത്യാനികൾ എങ്ങനെ പ്രതികരിക്കണം? “കഷ്ടം സഹിക്കുന്നവർ നന്മ ചെയ്തുകൊണ്ട് തങ്ങളുടെ പ്രാണനെ സൃഷ്ടാവിൽ ഭരമേൽപ്പിക്കുക” (4:19). അപ്പൊസ്തലൻ മൂപ്പന്മാർക്ക് സഹായകരമായ നിർദ്ദേശങ്ങൾ നൽകി (5:1–4) തന്റെ വായനക്കാരെ താഴ്മയും സൗമ്യതയുമുള്ളവരാകുവാൻ പ്രബോധിപ്പിച്ചിരിക്കുന്നു (5:5–11), പിന്നെ തന്റെ ലേഖനത്തിന്റെ അവസാനത്തിലേക്ക് വരുന്നു (5:12–14). ലേഖനത്തിന്റെ അപഗ്രഥനത്തിന് സഹായകരമായ ഒരു ബാഹ്യരൂപരേഖ താഴെ കൊടുത്തിരിക്കുന്നു.

## ബാഹ്യരൂപരേഖ

I. ആത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടവർക്കുള്ള വന്ദനം (1:1, 2)

II. വിശ്വാസത്തിന്റെ ഫലമായ, രക്ഷ (1:3–2:10)

- ഏ. “ജീവനുള്ള പ്രത്യാശക്കായി വീണ്ടും ജനിച്ചിരിക്കുന്നു” (1:3–5)
- ബി. “നാനാ പരീക്ഷകളിൽ ദുഃഖിച്ചിരിക്കൽ” (1:6–9)
- സി. പ്രവാചകന്മാർ ആരാഞ്ഞിരുന്നു (1:10–12)
- ഡി. വിശുദ്ധ ജനം (1:13–16)
- ഈ. ഭയത്തോടെ കഴിപ്പിൻ (1:17–21)
- എഫ്. കെടാത്ത ബീജത്താൽ ജനിച്ചിരിക്കുന്നു (1:22–25)


ജി. "ഇപ്പോൾ ജനിച്ച ശിശുക്കളെ പോലെ" (2:1–3)
എച്ച്. ക്രിസ്തു ജീവനുള്ള കല്ല്; ക്രിസ്ത്യാനികൾ ആത്മിയ ഭവനം (2:4–8)
ഐ. ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്ക് വിളിച്ചിരിക്കുന്നു (2:9, 10)
III. കഷ്ടത അനുഭവിക്കുന്ന ദൈവജനം (2:11–4:11)
ഏ. "അന്യരും പരദേശികളും" (2:11, 12)
ബി. കീഴ്പ്പെടൽ: ക്രിസ്തീയ ജീവിതത്തിന്റെ പ്രധാനഭാഗം (2:13–3:7)
1. അധികാരികൾക്ക് കീഴ്പ്പെടൽ (2:13–17)
2. യജമാനന്മാർക്ക് കീഴ്പ്പെടൽ (2:18–20)
3. ക്രൂശിൽ യേശുവിന്റെ കീഴ്പ്പെടൽ (2:21–25)
4. ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴ്പ്പെടൽ (3:1–6)
5. ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ മാനിക്കൽ (3:7)
സി. നീതിക്കായി കഷ്ടമേൽക്കുന്നവർ ഭാഗ്യവാന്മാർ (3:8–17)
1. ദൈവത്തിന്റെ അനുഗ്രഹം വിശുദ്ധ ജീവിതം ആവശ്യപ്പെടുന്നു (3:8–12)
2. നിങ്ങളുടെ ഉള്ളിൽ ക്രിസ്തുവിനെ വിശുദ്ധീകരിക്കൽ (3:13–17)
ഡി. നമ്മുടെ പാപങ്ങൾക്കുള്ള ക്രിസ്തുവിന്റെ മരണം (3:18–22)
ഈ. ജഡത്തിനെതിരായുള്ള പോരാട്ടം (4:1–3)
എഫ്. അന്യദേവന്മാരെ നമസ്ക്കരിക്കുന്നവർ കണക്ക് കൊടുക്കണം (4:4–6)
ജി. അവസാനം അടുത്തിരിക്കുന്നു (4:7–11)
IV. ക്രിസ്തുവിന്റെ കഷ്ടതയിൽ പങ്കുള്ളവരാകൽ (4:12–5:11)
ഏ. ക്രിസ്തുവിന്റെ കഷ്ടതകളിൽ പങ്കുചേരൽ (4:12–16)
ബി. വിശ്വസ്ത സൃഷ്ടാവിൽ ആത്മാവിനെ ഭരമേൽപിക്കൽ (4:17–19)
സി. മൂപ്പന്മാർക്കുള്ള പ്രോൽസാഹനം (5:1–4)
ഡി. താഴ്മ ധരിച്ചുകൊൾവിൻ (5:5–8)
ഈ. ലോകം മുഴുവനുമുള്ള നിങ്ങളുടെ സഹോദരവർഗം (5:9–11)
V. അവസാന അഭിപ്രായങ്ങൾ (5:12–14)

## പ്രായോഗികത

1 പത്രൊസിന്റെ ലേഖന സന്ദേശം, എങ്ങനെ വിശ്വാസത്താൽ പാപത്തിൽനിന്നു തിരിഞ്ഞ് നീതിയുള്ള ജീവിതം നയിക്കാമെന്ന് ക്രിസ്ത്യാനികൾ അറിയുവാൻ ആഗ്രഹിക്കുന്നു. ഇത്തരം പാഠങ്ങൾ വാക്യങ്ങൾ തോറും, തീർച്ചയായും വാക്കുകൾ തോറും 1 പത്രൊസിൽ വിവരിക്കുന്നു. ഇപ്പോഴും, 1 പത്രൊസിലെ ചില പാഠങ്ങൾ ലേഖനത്തിൽനിന്നു പരിശോധനക്ക് വിധേയമാക്കാവുന്നതാണ്.

### കർത്താവിന്റെ മടങ്ങിവരവ്

കർത്താവ് മടങ്ങിവരുമ്പോൾ സംഭവിക്കുന്ന കാര്യങ്ങളെ ഇത്രയും വിശദമായി പുതിയനിയമത്തിലെ മറ്റൊരു എഴുത്തുകാരും പറയുന്നില്ല. അവന്റെ മടങ്ങിവരവിന്റെ സൂചനകൾ സൂക്ഷ്മത്തോടെ പരിഗണിക്കുവാനാണ്




**ആസ്യയിനു 1 പത്രൊസ് വിതരണം ചെയ്തു**

പത്രൊസും മറ്റുള്ളവരും ക്രിസ്ത്യാനികളോട് പറയുന്നത്.

(1) കർത്താവ് വീണ്ടും വരുമെന്നുള്ളതുകൊണ്ട്, നിരുൽസാഹവും, കരുതലും, ജീവിതത്തിൽ അനുഭവപ്പെടുന്ന നിരാശകളും സഹിക്കുവാൻ എളുപ്പമായിരിക്കും. ശരീരം പ്രായമാകുമ്പോൾ, പാപം മാറ്റി നിർത്തുവാൻ കഴിയാതെ വരുമ്പോൾ, ലോകത്തിൽ ധാരാളം പകയും വെറുപ്പും നേരിടുന്നത് എല്ലാം അപ്പോൾ അവസാനിക്കും. ജീവിതത്തിലെ പരീക്ഷണങ്ങളെല്ലാം നൊടിനേരത്തേക്കു മാത്രമുള്ളതാണ്. ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചവർക്ക് മുൻപിൽ ഉള്ളത് നിത്യജീവൻ ആണ് (1:6).

(2) കർത്താവ് മടങ്ങി വരുമെന്നുള്ളതിനാൽ, അയൽക്കാരന്റെ ആവശ്യങ്ങൾ ഒരാൾ നിറവേറ്റുമോ എന്നത് പ്രാധാന്യമുള്ള കാര്യമാണ്. ഒരാൾ മറ്റുള്ളവരോട് സത്യം സംസാരിച്ചു ന്യായം പ്രവർത്തിക്കുമോ എന്നതും പ്രാധാന്യമുള്ള കാര്യമാണ്. ജീവിതം ലാക്കിലേക്കുള്ളതായതിനാൽ അതിന് അർത്ഥമുണ്ട്.

(3) കർത്താവ് മടങ്ങി വരുമെന്നതിനാൽ, ദൈവം ലോകത്തിലുള്ളവരെ നേരിട്ട് ബന്ധപ്പെട്ട് കൈകാര്യം ചെയ്യുമെന്ന് ക്രിസ്ത്യാനികൾക്ക് ഉറപ്പിക്കാം. അവൻ തന്റെ മക്കളെ കൈവിടുകയോ ഉപേക്ഷിക്കുകയോ ഇല്ല (5:7). ക്രിസ്തുവിന്റെ ആദ്യവരവിനും രണ്ടാമത്തെ വരവിനും ഇടയിലാണ് ക്രിസ്ത്യാനികൾ ജീവിക്കുന്നത്. അവർക്ക് ഇപ്പോൾ രാജ്യമുണ്ട്. ഇനി വെളിപ്പെടുവാനുള്ള രാജ്യവുമുണ്ട്.

**കഷ്ടതയും സന്തോഷവും**

എന്തുകൊണ്ട് നിരപരാധികളായ ആളുകൾ കഷ്ടപ്പെടുന്നു എന്ന് സമ്പൂർണ്ണമായി 1 പത്രൊസിന്റെ ലേഖനമോ ബൈബിളിലെ മറ്റു പുസ്തക

ങ്ങളോ വിവരിക്കുന്നില്ല. ക്രിസ്ത്യാനികൾക്ക് പരിഗണിക്കുവാനായി 1 പത്രൊസിന്റെ ലേഖനത്തിൽ ചില സൂചനകൾ നൽകുന്നു.

(1) ലോകം സാത്താന്റെ അധീനതയിലായതുകൊണ്ട് തെറ്റു ചെയ്യാതെ നല്ലവരായ ആളുകൾ കഷ്ടത അനുഭവിക്കുന്നു. ആത്മാക്കളെ വിഴുങ്ങുവാനാണ് പിശാച് ശ്രമിക്കുന്നത് (5:8). ലോകത്തിലെ അസംഖ്യം ആളുകൾ പിശാചിന്റെ പിടിയിലാണ്. അതുകൊണ്ട്, ക്രിസ്തുവിന്റെ നാമത്തിനായി ജീവിതം സമർപ്പിച്ചിരിക്കുന്നവരെ എതിർക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നതിൽ അതിശയിക്കുവാനില്ല.

(2) പാപത്തിന്റെ അനന്തരഫലമായിട്ടാണ് ചില കഷ്ടതകൾ വരുന്നത്. അങ്ങനെ വരുമ്പോൾ, ക്രിസ്ത്യാനികൾ മാനസാന്തരപ്പെടണം. കരുണാസമ്പന്നനായ ദൈവം അതു ക്ഷമിക്കും. തന്റെ മക്കൾ മാനസാന്തരപ്പെട്ട് തന്നിലേക്ക് തിരിയുമ്പോൾ, ദൈവം നമ്മിലേക്ക് കഷ്ടത തിരിച്ചുവിടും. തെറ്റു ചെയ്തിട്ട് കഷ്ടം സഹിക്കുവാൻ ക്രിസ്ത്യാനികൾ തയ്യാറാകരുത് എന്നാണ് പത്രൊസ് തന്റെ വായനക്കാരോട് അപേക്ഷിക്കുന്നത് (2:11, 12; 4:15, 16).

(3) ക്രിസ്ത്യാനികൾ കഷ്ടത അനുഭവിക്കുമ്പോൾ, അവർ യേശുവിന്റെ മാതൃകയാണ് പിൻപറ്റുന്നത്. യേശു കഷ്ടതയേറ്റത് ലോകത്തിനു വേണ്ടിയാണ് (2:24). അവന്റെ അനുയായികൾ അവന്റെ കഷ്ടതയിൽ പങ്കുകാരാകുന്നതിനാൽ ആളുകൾ വിശ്വാസത്തിലേക്ക് വരുവാനിടയാകും.

**പത്രൊസിനെ കുറിച്ചുള്ള സാങ്കൽപികമായ സംഭവം**

ഒരു ക്രിസ്ത്യാനി സ്വപ്നം കണ്ട സംഭവം പറഞ്ഞു കേട്ടിട്ടുണ്ട്. ഒരു ദൂതൻ അയാളെ സ്വർഗത്തിലേക്ക് കൊണ്ടുപോയതായിട്ടാണ് സ്വപ്നം കണ്ടത്. അവൻ അങ്ങനെ നടന്ന സമയത്ത്, അത്ഭുത കാഴ്ച്ചകൾ കണ്ട് ദൈവത്തെ സ്തുതിച്ചപ്പോൾ, അവന്റെ വലത്തുഭാഗത്തായി ഒരുകൂട്ടം ആളുകളെ കണ്ടു. തന്റെ സഹായിയായിരുന്ന ദൂതനോട് അവൻ ചോദിച്ചു, “അവർ ആരാണ്, ആർക്ക് ചുറ്റുമാണ് അവർ കൂടിയിരിക്കുന്നത്?” ദൂതൻ മറുപടി പറഞ്ഞു, സംസാരിക്കുന്നതായി നിങ്ങൾ കണ്ടത് അപ്പൊസ്തലനായിരുന്ന പൗലൊസാണ് “യേശുക്രിസ്തു മുഖാന്തരം ലഭിച്ചതായ ദൈവത്തിന്റെ അത്ഭുതകരമായ കൃപയെ കുറിച്ചാണ് അവൻ വിവരിക്കുന്നത്.” “ആ ആളുകൾ എന്നേക്കാൾ പഠിച്ചവരും നീതിമാന്മാരുമാണ്, അതുകൊണ്ട് അവരോട് ചേരേണ്ട ആളല്ല ഞാൻ” എന്നു അയാൾ സ്വയം കരുതി.

അവർ കുറച്ചുകൂടെ മുൻപോട്ട് നടന്നു, മറ്റൊരു കൂട്ടം ആളുകൾ തന്റെ ഇടത്തുഭാഗത്തായി ഒരു ഗുരുവിനു ചുറ്റും കൂടിയിരിക്കുന്നത് കണ്ടു. സഹായിയോട് അയാൾ വീണ്ടും ചോദിച്ചു, “ആരാണ് ഇവർ?” ദൂതൻ പറഞ്ഞു, “അവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത് അപ്പൊസ്തലനായിരുന്ന യോഹന്നാനാണ്. അവൻ കർത്താവിനോട് ചാഞ്ഞിരുന്ന രാത്രിയിലെ പഴയസംഭവങ്ങളാണ് അവൻ വിവരിക്കുന്നത്. ശിഷ്യന്മാരോടുള്ള ദൈവത്തിന്റെ സ്നേഹത്തെ കുറിച്ചാണ് അവർ വിവരിക്കുന്നത്.” ആ ആളുകൾ കൂടുതൽ ഭക്തിയുള്ളവരും നല്ലവരുമാണ്, അതുകൊണ്ട് താൻ അവരോട് ചേരുവാനും അർഹനല്ല എന്നു പറഞ്ഞ് അവർ മുൻപോട്ട് നീങ്ങി.

അവർ അങ്ങനെ നടന്നു നീങ്ങിയപ്പോൾ മൂന്നാമത് ഒരു കൂട്ടരെ കണ്ടു. അതേ ചോദ്യം അവരെ കുറിച്ച് സഹായിയോട് അയാൾ ചോദിച്ചു. “ആരാണ് ഇവർ?” ദൂതൻ പറഞ്ഞു, “അത് അപ്പൊസ്തലനായ പത്രൊസ് ആണ്.” “ആ

രാത്രിയിൽ അവൻ കർത്താവിനെ തള്ളിപ്പറഞ്ഞതിനെ കുറിച്ചാണ് അവൻ അവരോട് വിശദീകരിക്കുന്നത്." "ഞാൻ ഇവിടെ നിന്ന് ഈ ആളുകളോട് ചേരേണ്ടവനാണെന്ന് അവന് തോന്നി." ഈ സംഭവം സാങ്കൽപികമാണ്, എന്നാൽ പത്രൊസിന്റെ വിശ്വാസം, സംശയം, എരിവ്, ബലഹീനത എന്നിവ ക്രിസ്ത്യാനികളുടെ ആവേശത്തിൽ ഉണ്ടാകുവാനിടയുണ്ട് എന്നു വ്യക്തമാക്കുന്നു.

---

കുറിപ്പുകൾ

[1]മറ്റുള്ളവരുടേതിനൊപ്പം ഇത്തരത്തിലുള്ള 1 പത്രൊസിന്റെ വ്യാഖ്യാനം നടത്തിയിരിക്കുന്നത് ഫ്രാങ്ക് എൽ. ക്രോസ്, 1 പത്രൊസ്: ഏ പാസ്കൽ ലിറ്റർജി (ലണ്ടൻ: ഏ. ആർ. മോവ്ബ്രേ & കമ്പനി., ലിമിറ്റഡ്., 1954). അയാൾക്ക് പരിമിതമായ അനുയായികളാണ് ഉണായിരുന്നത്. [2]ജോൺ എച്ച്. എലിയോട്ട്, "ദ റീഹാബിലിറ്റേഷൻ ഓഫ് ആൻ എക്സെജെറ്റിക്കൽ സ്റ്റെപ്-ചൈൽഡ്:1 പീറ്റർ ഇൻ റീസെന്റ് റിസേർച്ച്," ജേണൽ ഓഫ് ബിബിളിക്കൽ ലിറ്ററേച്ചർ 95 (ജൂൺ 1976): 243–54. 1976 നു ശേഷം ഈ ലേഖനത്തെ കുറിച്ച് നല്ല കമെന്ററീസ് പുറപ്പെടുവിച്ചിട്ടുണ്. [3]ആദ്യ സഭയുടെ സാക്ഷ്യത്തിന്, നോക്കുക ജെ. രാംസേ മൈക്കിൾസ്, 1 പീറ്റർ, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം 49 (വാക്കൊ, ടെക്സ്.: വുഡ് ബുക്സ്, 1988), xxxii. [4]പത്രൊസ് റോമിൽ വെച്ച് മരിച്ചു എന്ന തെളിവ് പ്രാരംഭത്തിലുള്ളതും ശക്തവുമാണ്. പത്രൊസ് പട്ടണത്തിൽ വെച്ച് രക്തസാക്ഷിത്വം വഹിച്ചു എന്നാണ് ക്ലെമെന്റ് ഓഫ് റോം പറഞ്ഞത് (1 ക്ലെമെന്റ് 5.4). ഇംഗ്നേഷിയസും അതു തന്നെയാണ് പറഞ്ഞിരിക്കുന്നത് (ഇഗ്നേഷിയസ് റോമൻസ് 4.2). അതേ ഫലത്തിൽ തന്നെയാണ് ഗായസ് ഓഫ് റോമിനെ ഉദ്ധരിച്ച് യുസേബിയസും, ഡയോനിഷിയസ് ഓഫ് കൊരിന്തും പറഞ്ഞത് (യുസേബിയസ് എക്ലേഷ്യാസ്റ്റിക്കൽ ഹിസ്റ്ററി 2.25). [5]പകർത്തിയെഴുതിയ ആളല്ല മറിച്ച് ശിലാസ് ആണ് ലേഖനം എത്തിച്ചത് എന്നാണ് (വെയിൻ ഏ.ഗ്രൂഡെൻ ശക്തമായി നിരീക്ഷിച്ചത്. വെയിൻ ഏ. ഗ്രൂഡെം, ദ ഫസ്റ്റ് എപ്പിസ്റ്റിൽ ഓഫ് പീറ്റർ: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി, ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ്, വാല്യം. 17 ധഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1988പ, 23–24.) എഡ്വേർഡ് ഗോർഡൻ സെൽവിൻ ബോധ്യപ്പെടുത്തുന്ന രീതിയിൽ വാദിച്ചിട്ടുള്ളത് ശിലാസാണ് ലേഖനം പകർത്തി എഴുതിയത് എന്നാണ്. 1 പത്രൊസിൽ ഉപയോഗിച്ച നൈസർഗികമായ കൊയിനെ ഗ്രീക്ക് തെളിയിക്കുന്നത് അപ്പൊസ്തലന് ശിലോസോ അല്ലെങ്കിൽ മറ്റൊരു പകർത്തി എഴുതുന്ന ആളുമായി ബന്ധമുണായിരുന്നു എന്നാണ്. 1 പത്രൊസിലെ ഉയർന്ന ഭാഷാ പ്രയോഗം ഗലീലയിലെ ഒരു മുക്കുവനു അപ്രാപ്യമായിരുന്നു. (എഡ്വേർഡ് ഗോർഡൻ സെൽവിൻ, ദ ഫസ്റ്റ് എപ്പിസ്റ്റിൽ ഓഫ് സെന്റ്. പീറ്റർ: ദ ഗ്രീക്ക് ടെക്സ്റ്റ്, വിത്ത് ഇൻട്രൊഡക്ഷൻ, നോട്ട്സ്, ആന്റ് എസ്സേസ്, തോൺ ആപ്പിൾ കമെന്ററീസ്, 2ഡ് എഡി. ധലണ്ടൻ: മാക്മില്ലൻ & കമ്പനി., 1947; റീപ്രിന്റ് ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്,1981പ, 11–16.) [6]പത്രൊസ് മറുരൂപ സംഭവം 2 പത്രൊസ് 1:16–18 ൽ വിവരിച്ചു പറയുന്നതിനാൽ ഇതിന്റെ ലേഖകൻ പത്രൊസ് അല്ല എന്നാണ് വിമർശകർ പറയുന്നത്. അവർ വാദിക്കുന്നത് പത്രൊസ് ഇത് സുവിശേഷങ്ങളിൽനിന്നു കൃത്രിമമായി ചേർത്തു എന്നാണ്. രണു രീതി വിമർശകർക്ക് യോജിച്ചതല്ല. [7]പ്രവൃത്തികളുടെ ലേഖകൻ എഴുതിയതിനു മുൻപ് പൗലൊസ് എഴുതിയതിനാൽ, പുതിയനിയമത്തിൽ ഒരുപക്ഷെ പത്രൊസിനെ കുറിച്ച് അവസാനമായി പറഞ്ഞത് ഒരർത്ഥത്തിൽ പ്രവൃത്തികളുടെ

പുസ്തകത്തിൽ ആണെന്ന് പറയാം. എങ്ങനെയായാലും, പ്രവൃത്തികളുടെ പുസ്തകത്തിൽ വെളിപ്പെടുത്തുന്ന സംഭവങ്ങളുടെ കാലം നോക്കിയാൽ പൗലൊസ് പത്രൊസിനെ കുറിച്ച് പറഞ്ഞിരിക്കുന്നത് പ്രവൃത്തികൾ 15 നു ശേഷം ആയിരിക്കുവാനാണ് സാധ്യത. [8]സ്ട്രാബോ ജിയോഗ്രഫി 16.1.5. [9]സെഖര്യാവ് 5:5-11 ൽ, രേഖപ്പെടുത്തിയിട്ടുള്ള "ദുഷ്ടത" രണ് ചിറകുള്ള സ്ത്രീകളാണ് "ശിനാർ" എന്ന ദേശത്ത് എത്തിക്കുന്നത്. ശിനാർ ദേശം, ബാബിലോൺ ആയിരുന്നു, യിസ്രായേലിലേക്ക് പറിച്ചു നട്ട എല്ലാ ദുഷ്ടതയും ബാബിലോണിൽ നിന്നായിരുന്നു. [10]സി. എഫ്. ഡി. മൗൾ, "ദ നേച്ചർ ആന്റ് പർപ്പസ് ഓഫ് 1 പീറ്റർ," ന്യൂ ടെസ്റ്റമെന്റ് സ്റ്റഡീസ് 3 (നവംബർ 1956): 10.

[11]ഉദാഹരണമായി നോക്കുക, ജെ. ഡബ്ലിയു. സി. വാന്റ്, *ദ ജെനെറൽ എപ്പിസ്റ്റിൽസ് ഓഫ് സെന്റ്.പീറ്റർ ആന്റ് സെന്റ്. ജൂഡ്* (ലണ്ടൻ: മെഥുവെൻ കമ്പനി., ലിമിറ്റഡ്., 1934), 13.